കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# പ്രത്യേക വിവാഹ ആക്റ്റ്, 1954

(1954-ലെ 43-ാം നമ്പർ ആക്റ്റ്)

(1954 അക്റ്റോബർ 9-ാം തീയതി
നിലവിലുള്ള പ്രകാരം)

യൂണിയൻ ഗവൺമെൻറിനു വേണ്ടി
കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട് തിരുവനന്തപുരം
ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1976

വില: ₹1-00

കേന്ദ്ര ഗവൺമെന്റ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# പ്രത്യേക വിവാഹ ആക്റ്റ്, 1954

(1954-ലെ 43-ാം നമ്പർ ആക്റ്റ്)

(1954 അക്റ്റോബർ 9-ാം തീയതി
നിലവിലുള്ള പ്രകാരം)

യൂണിയൻ ഗവൺമെന്റിനു വേണ്ടി
കേരള ഗവൺമെന്റ് പ്രസ്സ് സൂപ്രണ്ട് തിരുവനന്തപുരം,
ഗവൺമെന്റ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1976

1-f

© കേന്ദ്ര ഗവൺമെന്റ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# പ്രത്യേക വിവാഹ ആക്റ്റ്, 1954

## വകുപ്പുകളുടെ വിന്യാസം

### അദ്ധ്യായം I

### പ്രാരംഭികം

വകുപ്പുകൾ

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.
2. നിർവ്വചനങ്ങൾ.
3. വിവാഹ ഉദ്യോഗസ്ഥൻമാർ.

### അദ്ധ്യായം II

### പ്രത്യേക വിവാഹങ്ങൾ ചടങ്ങുകളനുസരിച്ച് നടത്തിക്കൊടുക്കുന്നത്

4. പ്രത്യേക വിവാഹങ്ങൾ ചടങ്ങുകൾ അനുസരിച്ചു നടത്തിക്കൊടുക്കുന്നതു സംബന്ധിച്ച ഉപാധികൾ.
5. ഉദ്ദിഷ്ട വിവാഹത്തിന്റെ നോട്ടീസ്.
6. വിവാഹനോട്ടീസ് ബുക്കും പ്രസിദ്ധപ്പെടുത്തലും.
7. വിവാഹത്തിന് എതിരായ ആക്ഷേപം.
8. ആക്ഷേപം കിട്ടിയതിൻമേലുള്ള നടപടിക്രമം.
9. അന്വേഷണ വിചാരണകൾ സംബന്ധിച്ച് വിവാഹ ഉദ്യോഗസ്ഥന് അധികാരങ്ങൾ.
10. വെളിയിൽവച്ച് വിവാഹ ആഫീസർക്ക് ആക്ഷേപം ലഭിക്കുന്നതിൻമേലുള്ള നടപടി.
11. കക്ഷികളുടേയും സാക്ഷികളുടേയും പ്രഖ്യാപനം.
12. ചടങ്ങനുസരിച്ച് നടത്തുന്നതിന്റെ സ്ഥലവും രൂപവും.
13. വിവാഹ സർട്ടിഫിക്കറ്റ്.
14. വിവാഹം മൂന്നുമാസത്തിനകം ചടങ്ങനുസരിച്ച് നടത്തിയിട്ടില്ലാത്തപ്പോൾ പുതിയ നോട്ടീസ്.

### അദ്ധ്യായം III

### മറ്റു രൂപങ്ങളിൽ ആഘോഷിക്കപ്പെട്ട വിവാഹങ്ങളുടെ രജിസ്ട്രേഷൻ

15. മറ്റു രൂപങ്ങളിൽ ആഘോഷിക്കപ്പെട്ട വിവാഹങ്ങളുടെ രജിസ്ട്രേഷൻ.
16. രജിസ്ട്രേഷനുള്ള നടപടി.
17. 16-ാം വകുപ്പിൻകീഴിലെ ഉത്തരവുകളിൽനിന്നുള്ള അപ്പീലുകൾ.
18. വിവാഹത്തിന്റെ ഈ അദ്ധ്യായത്തിൻ കീഴിലുള്ള രജിസ്ട്രേഷന്റെ പ്രഭാവം.

### അദ്ധ്യായം IV

### ഈ ആക്റ്റിന്റെ കീഴിലുള്ള വിവാഹത്തിന്റെ അനന്തര ഫലങ്ങൾ

19. അവിഭക്ത കുടുംബത്തിലെ അംഗത്തിൻമേൽ വിവാഹത്തിനുള്ള പ്രഭാവം.
20. ആക്റ്റ് ബാധിക്കാത്ത അവകാശങ്ങളും അവശതകളും.
21. ഈ ആക്റ്റിൻകീഴിൽ വിവാഹിതരായ കക്ഷികളുടെ വസ്തുവിനുള്ള പിന്തുടർച്ച.

അദ്ധ്യായം V

ദാമ്പത്യാവകാശങ്ങളുടെ പുനഃസ്ഥാപനവും ജുഡീഷ്യലായുള്ള വേർപെടുത്തലും

22. ദാമ്പത്യാവകാശങ്ങളുടെ പുനഃസ്ഥാപനം.
23. ജുഡീഷ്യലായുള്ള വേർപെടുത്തൽ.

അദ്ധ്യായം VI

വിവാഹത്തിന്റെ അകൃതതയും വിവാഹ മോചനവും

24. ശൂന്യവിവാഹങ്ങൾ.
25. ശൂന്യമാക്കാവുന്ന വിവാഹങ്ങൾ.
26. ശൂന്യവിവാഹങ്ങളിലേയും ശൂന്യമാക്കാവുന്ന വിവാഹങ്ങളിലെയും കുട്ടികൾ നിയമാനുസൃത വേഴ്ചയിൽ ഉണ്ടായതായി കരുതപ്പെടുന്നത്.
27. വിവാഹമോചനം.
28. പരസ്പര സമ്മതംവഴി വിവാഹമോചനം.
29. വിവാഹത്തിനുശേഷം ആദ്യത്തെ മൂന്നു വർഷത്തേക്ക് വിവാഹ മോചന ഹർജികൾക്കുള്ള പരിമിതി.
30. വിവാഹമോചനം നേടിയവരുടെ പുനർവിവാഹം.

അദ്ധ്യായം VII

അധികാരിതയും നടപടി ക്രമവും

31. ഹർജി ഏതു കോടതിയിൽ കൊടുക്കണമെന്ന്.
32. ഹർജികളുടെ ഉള്ളടക്കവും സത്യബോധപ്പെടുത്തലും.
33. നടപടികൾ സ്വകാര്യമായിരിക്കാമെന്ന്.
34. വിധി പാസാക്കുന്നതിൽ കോടതിയുടെ കർത്തവ്യം.
35. വിവാഹമോചനത്തിനുള്ള ഹർജിയിൻമേൽ എതിർ കക്ഷിക്ക് നിവൃത്തി.
36. വ്യവഹാരം നിലവിലുള്ള കാലത്തെ ജീവനാംശം.
37. സ്ഥിരം ജീവനാംശവും സംരക്ഷണവും.
38. കുട്ടികളുടെ കസ്ററഡി.
39. വിധികളും ഉത്തരവുകളും പ്രാവർത്തികമാക്കലും അവയിൽനിന്നുള്ള അപ്പീലുകളും.
40. 1908-ലെ 5-ാം ആക്ററ് ബാധകമാക്കുന്നത്.
41. നടപടിക്രമം ക്രമപ്പെടുത്തിക്കൊണ്ട് ചട്ടങ്ങൾ ഉണ്ടാക്കാനുള്ള ഹൈക്കോടതിയുടെ അധികാരം.

അദ്ധ്യായം VIII

പലവക

42. ഒഴിവാക്കൽ.
43. ഈ ആക്ററിൻകീഴിൽ വീണ്ടും വിവാഹം കഴിക്കുന്ന വിവാഹിതനോ വിവാഹിതയ്ക്കോ ഉള്ള ദണ്ഡനം.
44. ദ്വിഭർത്തൃത്വത്തിനോ ദ്വിഭാര്യാത്വത്തിനോ ഉള്ള ശിക്ഷ.
45. വ്യാജമായ പ്രഖ്യാപനമോ സർട്ടിഫിക്കറേറാ ഒപ്പിടുന്നതിനുള്ള ദണ്ഡനം.
46. വിവാഹഉദ്യോഗസ്ഥന്റെ അന്യായമായ പ്രവൃത്തിക്കുള്ളദണ്ഡനം.
47. വിവാഹ സർട്ടിഫിക്കററ് ബുക്ക് പരിശോധനയ്ക്ക് പ്രാപ്യമാക്കുന്നതാണെന്ന്.
48. വിവാഹ റിക്കാർഡുകളിലെ ഉൾക്കുറിപ്പുകളുടെ പകർപ്പുകൾ അയച്ചുകൊടുക്കൽ.
49. തെററുകൾ തിരുത്തൽ.
50. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം.
51. റദ്ദാക്കലും ഒഴിവാക്കലും.

# പ്രത്യേക വിവാഹ ആക്റ്റ്, 1954

(1954-ലെ 43-ാം നമ്പർ)

ചില സംഗതികളിൽ ഒരു പ്രത്യേക രൂപത്തിലുള്ള വിവാഹത്തിനും അങ്ങനെയുള്ളവയുടേയും മററു ചില വിവാഹങ്ങളുടേയും രജിസ്ട്രേഷനും വിവാഹ മോചനത്തിനും വ്യവസ്ഥ ചെയ്യുന്ന ആക്റ്റ്.

[1954 അക്റ്റോബർ, 9.]

ഇൻഡ്യൻ റിപ്പബ്ലിക്കിൻെറ അഞ്ചാം സംവൽസരത്തിൽ പാർലമെൻറ് താഴെ പറയുംപ്രകാരം അധിനിയമം ചെയ്തിരിക്കുന്നു.

## അദ്ധ്യായം I

### പ്രാരംഭികം

1. ചുരുക്കപ്പേരും, വ്യാപ്തിയും, പ്രാരംഭവും.—(1) ഈ ആക്റ്റിന് പ്രത്യേക വിവാഹ ആക്റ്റ്, 1954 എന്നു പേർ പറയാവുന്നതാണ്.

(2) ഇത് ജമ്മു-കാശ്മീർ സ്റേററ്റ് ഒഴികെയുള്ള ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതും, ഈ ആക്റ്റ് വ്യാപിക്കുന്ന രാജ്യക്ഷേത്രങ്ങളിൽ അധിവാസമുണ്ടായിരിക്കുകയും ജമ്മു-കാശ്മീർ സ്റേററ്റിൽ ഉള്ളതും ആയ ഇൻഡ്യൻ പൗരൻമാർക്കുകൂടി ബാധകമായിരിക്കുന്നതും ആകുന്നു.

(3) ഇത്, കേന്ദ്രഗവൺമെൻറ് ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി നിശ്ചയിക്കുന്ന തീയതി, പ്രാബല്യത്തിൽ വരുന്നതാകുന്നു.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മററുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം.—

(ക) (വിട്ടുകളഞ്ഞു)

(ഖ) "നിരോധിതബന്ധത്തിൻെറ ഡിഗ്രികൾ" ഒരു പുരുഷനും ഒന്നാം പട്ടികയിലെ I-ാം ഭാഗത്ത് പറഞ്ഞിട്ടുള്ള ഏതെങ്കിലും ആളും, ഒരു സ്ത്രീയും ആ പട്ടികയിൽ II-ാംഭാഗത്തു പറഞ്ഞിട്ടുള്ള ഏതെങ്കിലും ആളും നിരോധിത ബന്ധത്തിൻെറ ഡിഗ്രികളിൽപ്പെടുന്നവരാകുന്നു.

വിശദീകരണം I.—ബന്ധം എന്നതിൽ,—

(ക) പൂർണ്ണരക്തബന്ധം മാത്രമല്ല, അർദ്ധരക്ത ബന്ധവും ഏകോദരരക്തബന്ധവും;

(ഖ) നിയമാനുസൃത വേഴ്ചയിലുണ്ടായ രക്തബന്ധം മാത്രമല്ല, നിയമവിരുദ്ധമായ വേഴ്ചയിലുണ്ടായ രക്തബന്ധവും;

(ഗ) രക്തം വഴിയുള്ള ബന്ധം മാത്രമല്ല ദത്തുവഴിയുള്ള ബന്ധവും; ഉൾപ്പെടുന്നതും, ഈ ആക്റ്റിൽ ബന്ധത്തെക്കുറിച്ചുള്ള എല്ലാ വാക്കുകൾക്കും അതനുസരിച്ച് അർത്ഥം കല്പിക്കപ്പെടേണ്ടതുമാകുന്നു.

വിശദീകരണം II.—"പൂർണ്ണരക്തവും അർദ്ധരക്തവും" രണ്ടാളുകൾ, ഒരു പൊതു പൂർവ്വികനിൽ നിന്ന് ഒരേ ഭാര്യ വഴിയുള്ള സന്തതികളാണെങ്കിൽ അവർ അന്യോന്യം പൂർണ്ണരക്തത്താൽ ബന്ധപ്പെട്ടവരെന്നും, അവർ ഒരു പൊതുപൂർവ്വികനിൽ നിന്ന് വ്യത്യസ്ത ഭാര്യമാർ വഴിയുള്ള സന്തതികളാണെങ്കിൽ അന്യോന്യം അർദ്ധരക്തത്താൽ ബന്ധപ്പെട്ടവരെന്നും പറയപ്പെടുന്നു.

വിശദീകരണം III.—''ഏകോദരരക്തം''—രണ്ടാളുകൾ ഒരു പൊതുപൂർവ്വികയ്ക്ക് വ്യത്യസ്ത ഭർത്താക്കൻമാർ വഴിയുള്ള സന്തതികളാണെങ്കിൽ അന്യോന്യം ഏകോദര രക്തത്താൽ ബന്ധപ്പെട്ടവരെന്നു പറയപ്പെടുന്നു.

വിശദീകരണം IV.—II-ം III-ം വിശദീകരണങ്ങളിൽ ''പൂർവ്വികൻ'' എന്നതിൽ പിതാവും ''പൂർവ്വിക'' എന്നതിൽ മാതാവും ഉൾപ്പെടുന്നു.

(ഗ) [വിട്ടുകളഞ്ഞു]

(ഘ) ''ജില്ല'' എന്നാൽ ഒരു വിവാഹ ഉദ്യോഗസ്ഥനെ സംബന്ധിച്ച്, 3-ാം വകുപ്പ് (1)-ാം ഉപവകുപ്പിനോ (2)-ാം ഉപവകുപ്പിനോ കീഴിൽ അയാളെ ആ നിലയിൽ ഏതു പ്രദേശത്തേക്കു നിയമിച്ചിരിക്കുന്നുവോ ആ പ്രദേശം എന്നർത്ഥമാകുന്നു;

(ങ) ''ജില്ലാക്കോടതി'' എന്നാൽ ആദ്യാധികാരിതയുള്ള പ്രിൻസിപ്പൽ സിവിൽക്കോടതി എന്നും, സിററി സിവിൽക്കോടതിയുള്ളിടത്ത്, ആ കോടതി എന്നും അർത്ഥമാകുന്നു;

(ച) ''നിർണ്ണയിക്കപ്പെട്ട'' എന്നാൽ ഈ ആക്ററിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ഛ) ''സ്റേററ്റ് ഗവൺമെൻറ്'' എന്നാൽ, യൂണിയൻ രാജ്യക്ഷേത്രത്തെ സംബന്ധിച്ച്, അതിൻെറ ഭരണാധികാരി എന്ന് അർത്ഥമാകുന്നു.

3. <u>വിവാഹ ഉദ്യോഗസ്ഥൻമാർ.</u>—(1) ഈ ആക്ററിൻെറ ആവശ്യങ്ങൾക്ക് സ്റേററ്റ് ഗവൺമെൻറിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, ആ സ്റേററ്റിന് മുഴുവനുമോ അതിൻെറ ഏതെങ്കിലും ഭാഗത്തേക്കോ ഒന്നോ അതിലധികമോ വിവാഹ ഉദ്യോഗസ്ഥൻമാരെ നിയമിക്കാവുന്നതാണ്.

(2) ഈ ആക്ററ് വ്യാപിക്കുന്ന രാജ്യക്ഷേത്രങ്ങളിൽ അധിവാസം ഉണ്ടായിരിക്കുകയും ജമ്മു-കാശ്മീർ സ്റേററ്റിൽ ഉള്ളതുമായ ഇൻഡ്യൻ പൗരൻമാർക്ക് ഈ ആക്ററ് ബാധകമാകുന്നതിൽ, ഈ ആക്ററിൻെറ ആവശ്യങ്ങൾക്ക്, യുക്തമെന്നു തോന്നുന്ന കേന്ദ്ര ഗവൺമെൻറിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, അതിനു സ്റേററ്റിനോ അതിൻെറ ഏതെങ്കിലും ഭാഗത്തിനോ വിവാഹ ഉദ്യോഗസ്ഥൻമാരായി കേന്ദ്ര ഗവൺമെൻറുദ്യോഗസ്ഥൻമാരെ ആ വിനിർദ്ദേശിക്കാവുന്നതാകുന്നു.

## അദ്ധ്യായം II

## പ്രത്യേക വിവാഹങ്ങൾ ചടങ്ങുകളനുസരിച്ച് നടത്തിക്കൊടുക്കുന്നത്

4. <u>പ്രത്യേക വിവാഹങ്ങൾ ചടങ്ങുകൾ അനുസരിച്ചു നടത്തിക്കൊടുക്കുന്നത് സംബന്ധിച്ച ഉപാധികൾ.</u>—വിവാഹങ്ങൾ ചടങ്ങുകൾ അനുസരിച്ചു നടത്തുന്നതു സംബന്ധിച്ച് തൽസമയം പ്രാബല്യത്തിലുള്ള മററേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, വിവാഹസമയത്ത് താഴെ പറയുന്ന ഉപാധികൾ നിറവേററുന്നുവെങ്കിൽ, ഏതെങ്കിലും രണ്ടാളുകൾ തമ്മിൽ ഈ ആക്ററിൻ കീഴിൽ വിവാഹം ചടങ്ങുകൾ അനുസരിച്ച് നടത്താവുന്നതാണ്, അതായത്:—

(ക) കക്ഷികളിൽ, വരന് ഭാര്യയോ, വധുവിന് ഭർത്താവോ ജീവിച്ചിരിപ്പുണ്ടാകരുത്;

(ഖ) ഒരു കക്ഷിയും ജഡബുദ്ധിയോ ചിത്തഭ്രമമുള്ള ആളോ ആകരുത്;

(ഗ) പുരുഷന് ഇരുപത്തൊന്നു വയസ്സും സ്ത്രീക്ക് പതിനെട്ടു വയസ്സും പൂർത്തിയായിരിക്കണം;

(ഘ) കക്ഷികൾ നിരോധിത ബന്ധത്തിന്റെ ഡിഗ്രികളിൽ പെട്ടവരാകരുത്:

എന്നാൽ, അവർ നിരോധിത ബന്ധത്തിന്റെ ഡിഗ്രിയിൽ പെട്ടവരാണെന്നിരുന്നാലും, അവരിൽ ഒരു കക്ഷിയേയെങ്കിലും അനുശാസിക്കുന്ന ആചാരം അവർ തമ്മിൽ വിവാഹം അനുവദിക്കുന്നിടത്ത്, അങ്ങനെയുള്ള വിവാഹം ചടങ്ങുകൾ അനുസരിച്ച് നടത്താവുന്നതാണ്.

(ങ) വിവാഹം ജമ്മു-കാശ്മീർ സ്റേററിൽ വച്ച് ചടങ്ങുകൾ അനുസരിച്ച് നടത്തുന്നിടത്ത് ഇരു കക്ഷികളും ഈ ആക്ററ് വ്യാപിക്കുന്ന രാജ്യ ക്ഷേത്രങ്ങളിൽ അധിവാസമുള്ള ഇൻഡ്യൻ പൗരൻമാർ ആയിരിക്കണം.

വിശദീകരണം.—ഈ വകുപ്പിൽ, ഏതെങ്കിലും ഗോത്രവർഗ്ഗത്തിലോ സമുദായത്തിലോ, ഗ്രൂപ്പിലോ കുടുംബത്തിലോ ഉള്ള ഒരാളെ സംബന്ധിച്ച് "ആചാരം" എന്നാൽ, ആ ഗോത്രവർഗ്ഗത്തിലേയോ സമുദായത്തിലേയോ ഗ്രൂപ്പിലേയോ കുടുംബത്തിലേയോ അംഗങ്ങൾക്ക് ബാധകമാണെന്ന് സ്റേററ് ഗവൺമെൻറ് ഇതിലേക്ക് ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി വിനിർദ്ദേശിക്കുന്ന ഏതെങ്കിലും ചട്ടം എന്നർത്ഥമാകുന്നു;

എന്നാൽ സ്റേററ് ഗവൺമെൻറിന്—

(i) അങ്ങനെയുള്ള ചട്ടം ആ അംഗങ്ങളുടെ ഇടയിൽ തുടർച്ചയായും ഏകരൂപമായും ദീർഘകാലം ആചരിച്ച് പോന്നിട്ടുണ്ടെന്നും;

(ii) അങ്ങനെയുള്ള ചട്ടം സുനിശ്ചിതമായിട്ടുള്ളതും ന്യായരഹിതമോ പബ്ലിക്ക് പാളിസിക്കെതിരോ അല്ലാത്തതും ആണെന്നും;

(iii) അങ്ങനെയുള്ള ചട്ടം ഒരു കുടുംബത്തിനുമാത്രം ബാധകമായിട്ടുള്ളതാണെങ്കിൽ, ആ കുടുംബം അത് തുടരുന്നത് നിർത്തിയിട്ടില്ലെന്നും,

ബോദ്ധ്യമാകാത്തപക്ഷം, ഏതെങ്കിലും ഗോത്രവർഗ്ഗത്തിലേയോ സമുദായത്തിലേയോ ഗ്രൂപ്പിലേയോ കുടുംബത്തിലേയോ അംഗങ്ങളെ സംബന്ധിച്ച് അങ്ങനെയുള്ള യാതൊരു വിജ്ഞാപനവും പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

5. ഉദ്ദിഷ്ട വിവാഹത്തിന്റെ നോട്ടീസ്.—ഒരു വിവാഹം ഈ ആക്ററിൻ കീഴിൽ ചടങ്ങ് അനുസരിച്ച് നടത്തുവാൻ ഉദ്ദേശിക്കുമ്പോൾ, വിവാഹത്തിലെ കക്ഷികൾ, അതിന്റെ നോട്ടീസ് രണ്ടാം പട്ടികയിൽ വിനിർദ്ദേശിച്ച ഫാറത്തിൽ അങ്ങനെയുള്ള നോട്ടീസ് നല്കുന്ന തീയതിക്ക് തൊട്ടു മുമ്പ് മുപ്പതു ദിവസത്തിൽ കുറയാത്ത കാലം വിവാഹത്തിലെ കക്ഷികളിൽ ഒരാളെങ്കിലും താമസിച്ചിട്ടുള്ള ജില്ലയിലെ വിവാഹ ആഫീസർക്ക്, രേഖാമൂലം, നല്കേണ്ടതാകുന്നു.

6. വിവാഹ നോട്ടീസ് ബുക്കും പ്രസിദ്ധപ്പെടുത്തലും.—(1) വിവാഹ ഉദ്യോഗസ്ഥൻ 5-ാംവകുപ്പിൻകീഴിൽ നല്കപ്പെടുന്ന എല്ലാനോട്ടീസുകളും തന്റെ ആഫീസിലെ റിക്കാർഡുകളോടൊപ്പം വയ്ക്കേണ്ടതും, അങ്ങനെയുള്ള ഏതൊരു നോട്ടീസിന്റേയും ശരിയായ പകർപ്പ് ആ ആവശ്യത്തിലേക്ക് നിർണ്ണയിക്കപ്പെട്ട വിവാഹ നോട്ടീസു ബുക്ക് എന്നു പേർപറയുന്ന ഒരു ബുക്കിൽ ഉടനടിചേർക്കേണ്ടതും, അങ്ങനെയുള്ള ബുക്ക്, അത് പരിശോധിക്കുവാൻ ആഗ്രഹിക്കുന്ന ഏതൊരാൾക്കും യാതൊരു ഫീസും കൂടാതെ ന്യായമായ എല്ലാ സമയങ്ങളിലും പരിശോധനയ്ക്ക് പ്രാപ്യമാക്കേണ്ടതും ആകുന്നു.

(2) വിവാഹ ഉദ്യോഗസ്ഥൻ അങ്ങനെയുള്ള ഏതൊരു നോട്ടീസും അതിന്റെ ഒരു പകർപ്പ് തന്റെ ആഫീസിലെ, ഏതെങ്കിലും ശ്രദ്ധയാകർഷിക്കത്തക്ക സ്ഥലത്ത് പതിക്കുന്നതുവഴി പ്രസിദ്ധപ്പെടുത്തേണ്ടതാകുന്നു.

(3) ഉദ്ദിഷ്ട വിവാഹത്തിലെ ഇരു കക്ഷികളിൽ ഒരാൾ 5-ാം വകുപ്പിൻ കീഴിൽ നോട്ടീസു നല്കപ്പെട്ട വിവാഹ ഉദ്യോഗസ്ഥന്റെ ജില്ലയുടെ തദ്ദേശാതിർത്തിക്കുള്ളിൽ സ്ഥിരമായി താമസിക്കുന്നില്ലാത്തിടത്ത്, വിവാഹ ഉദ്യോഗസ്ഥൻ, അങ്ങനെയുള്ള കക്ഷി ഏതു ജില്ലയുടെ അതിർത്തിക്കുള്ളിലാണോ സ്ഥിരമായി താമസിക്കുന്നത്, ആ ജില്ലയിലെ വിവാഹ ഉദ്യോഗസ്ഥന് അങ്ങനെയുള്ള നോട്ടീസിന്റെ ഒരു പകർപ്പ് അയപ്പിക്കേണ്ടതും, അപ്പോൾ, ആ വിവാഹ ആഫീസർ തന്റെ ആഫീസിലെ ഏതെങ്കിലും ശ്രദ്ധയാകർഷിക്കുന്ന സ്ഥലത്ത് അതിന്റെ ഒരു പകർപ്പ് പതിപ്പിക്കേണ്ടതും ആകുന്നു.

7. <u>വിവാഹത്തിന് എതിരായ ആക്ഷേപം.</u>—(1) അങ്ങനെയുള്ള ഏതെങ്കിലും നോട്ടീസ് 6-ാം വകുപ്പ് (2)-ാം ഉപവകുപ്പിൻ കീഴിൽ പ്രസിദ്ധപ്പെടുത്തിയ തീയതി മുതൽ മുപ്പതു ദിവസം അവസാനിക്കുന്നതിനു മുമ്പായി, ഏതെങ്കിലും ആൾക്ക്, വിവാഹം 4-ാം വകുപ്പിൽ വിനിർദ്ദേശിച്ച ഒന്നോ അതിലധികമോ ഉപാധികളെ ഉല്ലംഘിക്കുന്നതാണെന്നുള്ള കാരണത്തിൻമേൽ, അതിനെതിരായി ആക്ഷേപിക്കാവുന്നതാണ്.

(2) ഉദ്ദിഷ്ട വിവാഹത്തിന്റെ നോട്ടീസ് 6-ാം വകുപ്പ് (2)-ാം ഉപവകുപ്പിൻ കീഴിൽ പ്രസിദ്ധപ്പെടുത്തിയ തീയതി മുതൽ മുപ്പതു ദിവസം അവസാനിച്ചതിനുശേഷം, വിവാഹം, അതിനെതിരായി (1)-ാം ഉപവകുപ്പിൻ കീഴിൽ മുമ്പേ ആക്ഷേപിച്ചിട്ടില്ലാത്തപക്ഷം, ചടങ്ങനുസരിച്ച് നടത്താവുന്നതാണ്.

(3) വിവാഹ ഉദ്യോഗസ്ഥൻ വിവാഹ നോട്ടീസു ബുക്കിൽ ആക്ഷേപത്തിന്റെ സ്വഭാവം എഴുതി രേഖപ്പെടുത്തേണ്ടതും ആവശ്യമെങ്കിൽ അത് ആക്ഷേപം ഉന്നയിക്കുന്ന ആൾക്ക് വായിച്ചുകേൾപ്പിച്ച് വിശദീകരിച്ചു കൊടുക്കേണ്ടതും അത് അയാളോ അയാൾക്കുവേണ്ടിയോ ഒപ്പിടേണ്ടതും ആകുന്നു.

8. <u>ആക്ഷേപം കിട്ടിയതിൻമേലുള്ള നടപടിക്രമം</u>:—(1) ഉദ്ദിഷ്ട വിവാഹത്തിനെതിരായി 7-ാം വകുപ്പിൻ കീഴിൽ ആക്ഷേപം ഉന്നയിക്കുകയാണെങ്കിൽ വിവാഹ ഉദ്യോഗസ്ഥൻ ആക്ഷേപത്തിന്റെ വിഷയത്തെക്കുറിച്ച് താൻ അന്വേഷണ വിചാരണ നടത്തുകയും അത്, വിവാഹം ചടങ്ങുകൾ അനുസരിച്ച് നടത്തിക്കൊടുക്കുന്നത് തടയുവാൻ പാടില്ലെന്ന് തനിക്കു ബോദ്ധ്യപ്പെടുകയും ചെയ്യുന്നതുവരേയോ, അല്ലെങ്കിൽ ആക്ഷേപം ഉന്നയിച്ച ആൾ അത് പിൻവലിക്കുന്നതുവരേയോ വിവാഹം ചടങ്ങനുസരിച്ച് നടത്തിക്കൊടുക്കുവാൻ പാടുള്ളതല്ല; എന്നാൽ ആക്ഷേപത്തിന്റെ വിഷയത്തെക്കുറിച്ച് അന്വേഷണം നടത്തുകയും തീരുമാനത്തിൽ എത്തുകയും ചെയ്യുന്ന ആവശ്യത്തിന് വിവാഹ ഉദ്യോഗസ്ഥൻ ആക്ഷേപത്തിന്റെ തീയതി മുതൽ മുപ്പത് ദിവസത്തിലധികം എടുക്കാൻ പാടുള്ളതല്ല.

(2) വിവാഹ ഉദ്യോഗസ്ഥൻ ആക്ഷേപം ശരിവയ്ക്കുകയും വിവാഹം ചടങ്ങനുസരിച്ച് നടത്തിക്കൊടുക്കുവാൻ വിസമ്മതിക്കുകയും ചെയ്യുന്നുവെങ്കിൽ, ഉദ്ദിഷ്ട വിവാഹത്തിലെ ഇരുകക്ഷികളിൽ ആർക്കെങ്കിലും, അങ്ങിനെ വിസമ്മതിച്ച തീയതി മുതൽ മുപ്പതു ദിവസകാലത്തിനുള്ളിൽ, ഏതു ജില്ലാക്കോടതിയുടെ അധികാരിതയുടെ തദ്ദേശാതിർത്തിക്കുള്ളിലാണോ ആ വിവാഹ ഉദ്യോഗസ്ഥന് അയാളുടെ ആഫീസ് ഉള്ളത്, ആ ജില്ലാക്കോടതിയിലേക്ക അപ്പീൽ കൊടുക്കാവുന്നതും അങ്ങനെയുള്ള അപ്പീലിൻമേലുള്ള ജില്ലാക്കോടതിയുടെ തീരുമാനം അന്തിമമായിരിക്കുന്നതും വിവാഹഉദ്യോഗസ്ഥൻ ആ കോടതിയുടെ തീരുമാനത്തിന് അനുരൂപമായി പ്രവർത്തിക്കേണ്ടതും ആകുന്നു.

9. അന്വേഷണ വിചാരണകൾ സംബന്ധിച്ച് വിവാഹഉദ്യോഗസ്ഥനുള്ള അധികാരങ്ങൾ.—(1) 8-ാം വകുപ്പിൻ കീഴിലുള്ള ഏതെങ്കിലും അന്വേഷണ വിചാരണയുടെ ആവശ്യത്തിലേക്ക്, ഒരു അന്യായം വിചാരണ ചെയ്യുമ്പോൾ സിവിൽ നടപടി നിയമസംഹിത 1908 (1908-ലെ 5)-ൻ കീഴിൽ ഒരു സിവിൽ കോടതിയിൽ നിക്ഷിപ്തമായിരിക്കുന്ന എല്ലാ അധികാരങ്ങളും താഴെപ്പറയുന്ന വിഷയങ്ങൾ സംബന്ധിച്ച് വിവാഹ ഉദ്യോഗസ്ഥന് ഉണ്ടായിരിക്കുന്നതാണ്, അതായത് :—

(ക) സാക്ഷികളെസമൻചെയ്യുന്നതിനും ഹാജരാക്കിപ്പിക്കുന്നതിനും അവരെ സത്യം ചെയ്യിച്ചു വിസ്തരിക്കുന്നതിനും;

(ഖ) വെളിപ്പെടുത്തലിനും പരിശോധനയ്ക്കും;

(ഗ) രേഖകൾ ഹാജരാക്കുവാൻ നിർബന്ധിക്കുന്നതിന്;

(ഘ) സത്യവാങ്മൂലത്തിൻമേൽ തെളിവ് സ്വീകരിക്കുന്നതിന്;

(ങ) സാക്ഷികളെ വിസ്തരിക്കുവാൻ കമ്മീഷനുകൾ നിയമിക്കുന്നതിന്;

കൂടാതെ, വിവാഹ ഉദ്യോഗസ്ഥന്റെ മുമ്പാകെയുള്ള ഏതുനടപടിയും ഇന്ത്യൻ ശിക്ഷാ നിയമസംഹിത (1860-ലെ 45) 193-ാം വകുപ്പിന്റെ അർത്ഥത്തിൽ നീതിന്യായ നടപടിയായി കരുതപ്പെടുന്നതും ആകുന്നു.

വിശദീകരണം:—തെളിവു കൊടുക്കുന്നതിനായി ഏതെങ്കിലും ആളെ ഹാജരാക്കിപ്പിക്കുന്ന ആവശ്യത്തിന്, വിവാഹ ആഫീസറുടെ അധികാരിതയുടെ തദ്ദേശാതിർത്തി അദ്ദേഹത്തിന്റെ ജില്ലയുടെ തദ്ദേശാതിർത്തി ആയിരിക്കുന്നതാണ്.

(2) ഉദ്ദിഷ്ട വിവാഹം സംബന്ധിച്ച ആക്ഷേപം ന്യായമായിട്ടുള്ളതല്ലെന്നും ഉത്തമ വിശ്വാസത്തിൽ ചെയ്തിട്ടുള്ളതല്ലെന്നും വിവാഹ ഉദ്യോഗസ്ഥനു തോന്നുന്നുവെങ്കിൽ, ആക്ഷേപം ഉന്നയിക്കുന്ന ആളുടെ മേൽ ആയിരം രൂപയിൽ കവിയാത്ത ചെലവ് നഷ്ടപരിഹാരമായി ചുമത്താവുന്നതും, അതു മുഴുവനുമോ അതിന്റെ ഏതെങ്കിലും ഭാഗമോ ഉദ്ദിഷ്ടവിവാഹത്തിലെ കക്ഷികൾക്ക് അവാർഡ് ചെയ്യാവുന്നതും അങ്ങനെയുള്ളചെലവിനുള്ള ഏതു ഉത്തരവും, ഏതു ജില്ലാക്കോടതിയുടെ അധികാരിതയുടെ തദ്ദേശാതിർത്തിക്കുള്ളിലാണോ വിവാഹ ഉദ്യോഗസ്ഥനു അയാളുടെ ആഫീസുള്ളത്, ആ ജില്ലാക്കോടതി പാസാക്കിയ ഒരു വിധിയെന്ന രീതിയിൽ നടത്താവുന്നതും ആകുന്നു.

10. വെളിയിൽവച്ച് വിവാഹ ആഫീസർക്ക് ആക്ഷേപം ലഭിക്കുന്നതിൻമേലുള്ള നടപടി.—ജമ്മു-കാശ്മീർ സ്റ്റേറ്റിലുള്ള ഒരു വിവാഹ ഉദ്യോഗസ്ഥനോട്, ആ സ്റ്റേറ്റിൽവച്ചുള്ള ഒരു ഉദ്ദിഷ്ട വിവാഹം സംബന്ധിച്ച് 7-ാം വകുപ്പിൻ കീഴിൽ ആക്ഷേപം ഉന്നയിക്കുകയും വിവാഹ ഉദ്യോഗസ്ഥന് ആ വിഷയത്തിൽ തനിക്ക് യുക്തമെന്നു തോന്നുന്ന അന്വേഷണ വിചാരണ നടത്തിയതിനു ശേഷം അതു സംബന്ധിച്ച് സംശയം തോന്നുകയും ചെയ്യുന്നിടത്ത്, അയാൾ വിവാഹം ചടങ്ങുകൾ അനുസരിച്ച് നടത്തിക്കൊടുക്കുവാൻ പാടില്ലാത്തതും എന്നാൽ ആ വിഷയം സംബന്ധിച്ച് തനിക്ക് യുക്തമെന്നു തോന്നുന്ന പ്രസ്താവനയോടുകൂടി റിക്കാർഡ്, കേന്ദ്രഗവൺമെന്റിന് അയച്ചു കൊടുക്കേണ്ടതും, അതിൻമേൽ കേന്ദ്രഗവൺമെന്റ്, ആ വിഷയത്തിൽ യുക്തമെന്നുതോന്നുന്ന അന്വേഷണ വിചാരണ നടത്തുകയും യുക്തമെന്നു തോന്നുന്ന ഉപദേശം നേടുകയും ചെയ്തതിനുശേഷം, അതിന്റെ തീരുമാനം വിവാഹ ഉദ്യോഗസ്ഥന് രേഖാമൂലമായി കൊടുക്കേണ്ടതും അയാൾ കേന്ദ്രഗവൺമെന്റിന്റെ തീരുമാനത്തിന് അനുരൂപമായി പ്രവർത്തിക്കേണ്ടതും ആകുന്നു.

11. കക്ഷികളുടേയും സാക്ഷികളുടേയും പ്രഖ്യാപനം.—വിവാഹം ചടങ്ങുകൾ അനുസരിച്ച് നടത്തുന്നതിനുമുമ്പ് കക്ഷികളും മൂന്നു സാക്ഷികളും, വിവാഹ ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽവച്ച് ഈ ആക്റ്റിന്റെ മൂന്നാം പട്ടികയിൽ വിനിർദ്ദേശിച്ച ഫാറത്തിലുള്ള ഒരു പ്രഖ്യാപനം ഒപ്പിടേണ്ടതും പ്രഖ്യാപനം വിവാഹ ഉദ്യോഗസ്ഥൻ മേലൊപ്പിടേണ്ടതുമാകുന്നു.

12. ചടങ്ങനുസരിച്ചു നടത്തുന്നതിന്റെ സ്ഥലവും രൂപവും.—(1) വിവാഹം, വിവാഹ ഉദ്യോഗസ്ഥന്റെ ആഫീസിൽ വച്ചോ, അല്ലെങ്കിൽ അവിടെ നിന്ന് ന്യായമായ ദൂരത്തിലുള്ളതും കക്ഷികൾ ആഗ്രഹിക്കുന്നതുമായ മററു സ്ഥലത്തു വച്ചോ നിർണ്ണയിക്കപ്പെടുന്ന ഉപാധികളിൻമേലും നിർണ്ണയിക്കപ്പെടുന്ന കൂടുതൽ ഫീസു നല്കിയതിനുശേഷവും ചടങ്ങനുസരിച്ചു നടത്താവുന്നതാണ്.

(2) വിവാഹം, കക്ഷികൾ ഐച്ഛികമായി സ്വീകരിക്കുന്ന ഏതു രൂപത്തിലും ചടങ്ങനുസരിച്ചു നടത്താവുന്നതാണ്:

എന്നാൽ, അത് വിവാഹ ഉദ്യോഗസ്ഥന്റേയും മൂന്നു സാക്ഷികളുടേയും സാന്നിദ്ധ്യത്തിൽ വച്ച് കക്ഷികൾക്കു മനസ്സിലാകുന്ന ഏതെങ്കിലും ഭാഷയിൽ ഓരോ കക്ഷിയും മററേ കക്ഷിയോട് "(ക) എന്ന ഞാൻ (ഖ) യെ എന്റെ നിയമാനുസൃത ഭാര്യയായി (ഭർത്താവായി) സ്വീകരിക്കുന്നു" എന്ന് പറയാത്ത പക്ഷം പൂർത്തിയായതും കക്ഷികളെ ബന്ധിക്കുന്നതും ആകുന്നതല്ല.

13. വിവാഹ സർട്ടിഫിക്കററ്.—(1) വിവാഹം ചടങ്ങനുസരിച്ച് നടത്തപ്പെട്ടിരിക്കുമ്പോൾ, വിവാഹ ഉദ്യോഗസ്ഥൻ അതിന്റെ ഒരു സർട്ടിഫിക്കററ് ആ ആവശ്യത്തിലേക്ക് താൻ വച്ചുപോരേണ്ടതും വിവാഹ സർട്ടിഫിക്കററ് ബുക്ക് എന്നു പേർ പറയേണ്ടതും ആയ ഒരു ബുക്കിൽ നാലാം പട്ടികയിൽ വിനിർദ്ദിഷ്ടമായ ഫാറത്തിൽ ചേർക്കേണ്ടതും അങ്ങനെയുള്ള സർട്ടിഫിക്കററ് വിവാഹകക്ഷികളും ആ മൂന്നു സാക്ഷികളും ഒപ്പിടേണ്ടതും ആകുന്നു.

(2) വിവാഹ ഉദ്യോഗസ്ഥൻ വിവാഹസർട്ടിഫിക്കററ് ബുക്കിൽ സർട്ടിഫിക്കററു ചേർക്കുന്നതോടെ, ആ സർട്ടിഫിക്കററ് ഈ ആക്റ്റിൻ കീഴിൽ ഒരു വിവാഹം ചടങ്ങനുസരിച്ച് നടത്തപ്പെട്ടിരിക്കുന്നു എന്നും, സാക്ഷികളുടെ ഒപ്പുകളെ സംബന്ധിച്ച എല്ലാ ഔപചാരികതകളും അനുസരിക്കപ്പെട്ടിരിക്കുന്നു എന്നും ഉള്ള വസ്തുതയ്ക്ക്, നിശ്ചായകത്തെളിവായി കരുതപ്പെടുന്നതാകുന്നു.

14. വിവാഹം മൂന്നു മാസത്തിനകം ചടങ്ങനുസരിച്ച് നടത്തിയിട്ടില്ലാത്തപ്പോൾ പുതിയ നോട്ടീസ്.—5-ാം വകുപ്പ് ആവശ്യപ്പെടുന്ന പ്രകാരം വിവാഹ ഉദ്യോഗസ്ഥന് വിവാഹത്തിന്റെ നോട്ടീസ് നല്കിയ തീയതിമുതൽ മൂന്നു കലണ്ടർ മാസത്തിനകമോ അല്ലെങ്കിൽ 8-ാംവകുപ്പ് (2)-ാം ഉപവകുപ്പിൻ കീഴിൽ അപ്പീൽ കൊടുത്തിട്ടുള്ളിടത്ത് അങ്ങനെയുള്ള അപ്പീലിൻമേലുള്ള ജില്ലാക്കോടതിയുടെ തീരുമാനത്തിന്റെ തീയതി മുതൽ മൂന്നുമാസത്തിനകമോ, അല്ലെങ്കിൽ 10-ാം വകുപ്പിൻകീഴിൽ കേസ്സിന്റെ റിക്കാർഡ് കേന്ദ്ര ഗവൺമെന്റിന് അയച്ചുകൊടുത്തിട്ടുള്ളിടത്ത്, കേന്ദ്ര ഗവൺമെന്റിന്റെ തീരുമാനത്തിന്റെ തീയതി മുതൽ മൂന്നു മാസത്തിനകമോ ആ വിവാഹം ചടങ്ങനുസരിച്ച് നടത്തിയിട്ടില്ലാത്തപ്പോഴെല്ലാം ആ നോട്ടീസും അതിൽനിന്ന് ഉദ്ഭവിക്കുന്ന മററ് എല്ലാ നടപടിക്രമങ്ങളും ലാപ്സായതായി കരുതപ്പെടുന്നതും, ഈ

ആക്റ്റിൽ പറഞ്ഞിട്ടുള്ള രീതിയിൽ ഒരു പുതിയ നോട്ടീസ് നല്കപ്പെടുന്നതുവരെ, യാതൊരു വിവാഹ ഉദ്യോഗസ്ഥനും ആ വിവാഹം ചടങ്ങനുസരിച്ച് നടത്തിക്കൊടുക്കുവാൻ പാടില്ലാത്തതും ആകുന്നു.

## അദ്ധ്യായം III

## മററു രൂപങ്ങളിൽ ആഘോഷിക്കപ്പെട്ട വിവാഹങ്ങളുടെ രജിസ്ട്രേഷൻ

15. മററു രൂപങ്ങളിൽ ആഘോഷിക്കപ്പെട്ട വിവാഹങ്ങളുടെ രജിസ്ട്രേഷൻ:— 1872-ലെ പ്രത്യേക വിവാഹ ആക്റ്റിൻകീഴിലോ ഈ ആക്റ്റിൻ കീഴിലോ ചടങ്ങനുസരിച്ച് നടത്തപ്പെട്ട വിവാഹമല്ലാത്ത ഏതെങ്കിലും വിവാഹം അത് ഈ ആക്റ്റിന്റെ പ്രാരംഭത്തിനു മുമ്പോ പിമ്പോ ആഘോഷിക്കപ്പെട്ടതായാലും, താഴെപ്പറയുന്ന ഉപാധികൾ നിറവേററുന്നുവെങ്കിൽ ഈ ആക്റ്റ് വ്യാപിക്കുന്ന രാജ്യക്ഷേത്രങ്ങളിൽവച്ച് ഈ അദ്ധ്യായത്തിൻ കീഴിൽ വിവാഹ ഉദ്യോഗസ്ഥനു രജിസ്റ്റർ ചെയ്യാവുന്നതാണ്, അതായത്:—

(ക) കക്ഷികൾ തമ്മിൽ ഒരു വിവാഹകർമ്മം നടത്തിയിരിക്കുകയും അന്നുമുതൽ അവർ ഭാര്യാഭർത്താക്കന്മാരെന്ന നിലയിൽ ജീവിച്ചുപോരുകയും ചെയ്തിരിക്കണം;

(ഖ) രജിസ്ട്രേഷൻ സമയത്ത് കക്ഷികളിൽ പുരുഷന് ഒന്നിലധികം ഭാര്യയോ സ്ത്രീക്ക് ഒന്നിലധികം ഭർത്താവോ ജീവിച്ചിരിപ്പുണ്ടാകരുത്;

(ഗ) രജിസ്ട്രേഷൻ സമയത്ത് ഒരു കക്ഷിയും ജഡബുദ്ധിയോ ചിത്തഭ്രമമുള്ള ആളോ ആകരുത്;

(ഘ) രജിസ്ട്രേഷൻ സമയത്ത് കക്ഷികൾക്ക് ഇരുപത്തൊന്നു വയസ്സ് പൂർത്തിയായിരിക്കണം;

(ങ) കക്ഷികൾ, നിരോധിത ബന്ധത്തിന്റെ ഡിഗ്രികളിൽ പെട്ടവരാകരുത്:

എന്നാൽ ഈ ആക്റ്റിന്റെ പ്രാരംഭത്തിനുമുമ്പ് നടത്തപ്പെട്ട ഒരു വിവാഹത്തിന്റെ സംഗതിയിൽ, ഈ ഉപാധി, അവരിൽ ഓരോരുത്തരെയും അനുശാസിക്കുന്നതും അവർ ഇരുവരും തമ്മിൽ വിവാഹം അനുവദിക്കുന്നതും ആയ ഏതെങ്കിലും നിയമത്തിനോ, ആചാരത്തിനോ നിയമപ്രാബല്യമുള്ള വഴക്കത്തിനോ വിധേയമാകുന്നു; കൂടാതെ

(ച) കക്ഷികൾ, വിവാഹ ഉദ്യോഗസ്ഥന്റെ ജില്ലയിൽ ആ വിവാഹത്തിന്റെ രജിസ്ട്രേഷന് അയാൾക്ക് അപേക്ഷ കൊടുത്ത തീയതിക്കു തൊട്ടുമുമ്പ് മുപ്പതു ദിവസത്തിൽ കുറയാത്ത കാലം താമസിച്ചുപോന്നിട്ടുള്ളവരായിരിക്കണം.

16. രജിസ്ട്രേഷനുള്ള നടപടി.—ഈ അദ്ധ്യായത്തിൻകീഴിൽ തങ്ങളുടെ വിവാഹം രജിസ്റ്റർ ചെയ്യാൻ, വിവാഹത്തിലെ ഇരുകക്ഷികളും ഒപ്പിട്ട അപേക്ഷ കിട്ടുമ്പോൾ വിവാഹ ഉദ്യോഗസ്ഥൻ, നിർണ്ണയിക്കപ്പെടുന്ന രീതിയിൽ അതിന്റെ പബ്ലിക്ക് നോട്ടീസ് നല്കേണ്ടതും, ആക്ഷേപങ്ങൾക്കു മുപ്പതു ദിവസക്കാലം അനുവദിച്ചതിനുശേഷവും ആ കാലത്തിനുള്ളിൽ കിട്ടിയ ഏതെങ്കിലും ആക്ഷേപം കേട്ടതിനുശേഷവും, 15-ാം വകുപ്പിൽ പറഞ്ഞ എല്ലാ ഉപാധികളും നിറവേററപ്പെട്ടിട്ടുണ്ട് എന്ന് ബോദ്ധ്യപ്പെടുന്നവെങ്കിൽ, വിവാഹസർട്ടിഫിക്കററ് ബുക്കിൽ അഞ്ചാം പട്ടികയിൽ വിനിർദ്ദേ

ഷ്ടമായ ഫാറത്തിൽ വിവാഹസർട്ടിഫിക്കററ് ചേർക്കേണ്ടതും അങ്ങനെയുള്ള സർട്ടിഫിക്കററിൽ വിവാഹത്തിലെ കക്ഷികളും മൂന്നു സാക്ഷികളും ഒപ്പിടേണ്ടതുമാകുന്നു.

**17. 16-ാം വകുപ്പിൻ കീഴിലെ ഉത്തരവുകളിൽനിന്നുള്ള അപ്പീലുകൾ.**—ഈ അദ്ധ്യായത്തിൻ കീഴിൽ വിവാഹം രജിസ്ററർ ചെയ്യാൻ വിസമ്മതിച്ചുകൊണ്ടുള്ള ഒരു വിവാഹ ഉദ്യോഗസ്ഥൻെറ ഏതെങ്കിലും ഉത്തരവിൻമേൽ സങ്കടമുള്ള ഏതെങ്കിലും ആൾക്ക്, ആ ഉത്തരവിൻെറ തീയതിമുതൽ മുപ്പതു ദിവസത്തിനകം, ഏതു ജില്ലാക്കോടതിയുടെ അധികാരിതയുടെ തദ്ദേശാതിർത്തിക്കുള്ളിലാണോ വിവാഹ ഉദ്യോഗസ്ഥന് അയാളുടെ ആഫീസുള്ളത്, ആ ജില്ലാക്കോടതിയിലേക്ക് ആ ഉത്തരവിനെതിരായി അപ്പീൽ കൊടുക്കാവുന്നതും, അങ്ങനെയുള്ള അപ്പീലിൻമേലുള്ള ജില്ലാക്കോടതിയുടെ തീരുമാനം അന്തിമമായിരിക്കുന്നതും, അപേക്ഷ നല്കപ്പെട്ടിട്ടുള്ള വിവാഹ ഉദ്യോഗസ്ഥൻ അങ്ങനെയുള്ള തീരുമാനത്തിനു അനുരൂപമായി പ്രവർത്തിക്കേണ്ടതും ആകുന്നു.

**18. വിവാഹത്തിൻെറ, ഈ അദ്ധ്യായത്തിൻ കീഴിലുള്ള രജിസ്ട്രേഷൻെറ പ്രഭാവം.**—24-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ അടങ്ങിയ വ്യവസ്ഥകൾക്ക് വിധേയമായി, ഈ അദ്ധ്യായത്തിൻകീഴിൽ വിവാഹ സർട്ടിഫിക്കററു ബുക്കിൽ ഒരു വിവാഹസർട്ടിഫിക്കററ് അന്തിമമായി ചേർത്തിട്ടുള്ളിടത്ത്, ആ വിവാഹം അങ്ങനെ ചേർത്ത തീയതി മുതൽ ഈ ആക്ററിൻ കീഴിൽ ചടങ്ങനുസരിച്ചു നടത്തപ്പെട്ട ഒരു വിവാഹമായി കരുതപ്പെടുന്നതും, വിവാഹകർമ്മത്തിൻെറ തീയതിക്കുശേഷം ജനിച്ച എല്ലാ കുട്ടികളും, (അവരുടെ പേരുകളും വിവാഹസർട്ടിഫിക്കററ് ബുക്കിൽ ചേർക്കേണ്ടതാണ്) എല്ലാ സംഗതികളിലും അവരുടെ മാതാപിതാക്കൻമാരുടെ നിയമാനുസൃത വേഴ്ചയിൽ ഉണ്ടായ കുട്ടികൾ ആണെന്നും എപ്പോഴും ആയിരുന്നുവെന്നും കരുതപ്പെടുന്നതും ആകുന്നു:

എന്നാൽ ഈ വകുപ്പിൽ അടങ്ങിയ യാതൊന്നിനും, അങ്ങനെയുള്ള ഏതെങ്കിലും കുട്ടികൾക്ക്, അങ്ങനെയുള്ള കുട്ടികൾ അവരുടെ മാതാപിതാക്കൻമാരുടെ നിയമാനുസൃതവേഴ്ചയിലുള്ള കുട്ടികൾ അല്ല എന്ന കാരണത്താൽ അവരുടെ മാതാപിതാക്കൻമാരല്ലാത്ത മറെറതെങ്കിലും ആളുടെ വസ്തുവിനോ വസ്തുവിലോ ഉള്ള ഏതെങ്കിലും അവകാശം കൈവശപ്പെടുത്തുകയോ ആർജ്ജിക്കുകയോ ചെയ്യുന്നതിന്, ഈ ആക്ററ് പാസാക്കിയിട്ടില്ലെങ്കിൽ അവർക്ക് കഴിയാതിരിക്കുമായിരുന്നിടത്ത്, അങ്ങനെയുള്ള ഏതെങ്കിലും അവകാശം നല്കുന്നതായി അർത്ഥം കല്പിക്കുവാൻ പാടുള്ളതല്ല.

## അദ്ധ്യായം IV

## ഈ ആക്ററിൻ കീഴിലുള്ള വിവാഹത്തിൻെറ അനന്തരഫലങ്ങൾ

**19. അവിഭക്ത കുടുംബത്തിലെ അംഗത്തിൻമേൽ വിവാഹത്തിനുള്ള പ്രഭാവം.**—ഹിന്ദുമതത്തിലോ, ബുദ്ധമതത്തിലോ, ജൈനമതത്തിലോ വിശ്വാസം പ്രകടിപ്പിക്കുന്ന ഒരു അവിഭക്ത കുടുംബത്തിലെ ഏതെങ്കിലും അംഗത്തിൻെറ, ഈ ആക്ററിൻ കീഴിൽ ചടങ്ങനുസരിച്ചു നടത്തപ്പെട്ട വിവാഹം, അങ്ങനെയുള്ള കുടുംബത്തിൽനിന്ന് അയാളുടെ വേർപെടുത്തൽ ഉളവാക്കുന്നതായി കരുതപ്പെടുന്നതാകുന്നു.

20. ആക്റ്റ് ബാധിക്കാത്ത അവകാശങ്ങളും അവശതകളും.—19-ാം വകുപ്പിന്റെ വ്യവസ്ഥകൾക്ക് വിധേയമായി, ഈ ആക്റ്റിൻ കീഴിൽ വിവാഹം ചടങ്ങനുസരിച്ച് നടത്തപ്പെട്ടിട്ടുള്ള ഏതെങ്കിലും ആൾക്ക്, ഏതെങ്കിലും വസ്തുവിലുള്ള പിന്തുടർച്ച സംബന്ധിച്ച്, ജാതീയ അവശതകൾ നീക്കം ചെയ്യൽ ആക്റ്റ്, 1850 (1850-ലെ 21) ബാധകമാകുന്ന ഒരാളെന്നപോലെ അതേ അവകാശങ്ങൾ ഉണ്ടായിരിക്കുന്നതും, അയാൾ അതേ അവശതകൾക്ക് വിധേയനായിരിക്കുന്നതും ആകുന്നു.

21. ഈ ആക്റ്റിൻ കീഴിൽ വിവാഹിതരായ കക്ഷികളുടെ വസ്തുവിനുള്ള പിന്തുടർച്ച.—ഇൻഡ്യൻ പിന്തുടർച്ച ആക്റ്റ്, 1925 (1925-ലെ 39) ൽ അതിലെ ചില സമുദായത്തിലെ അംഗങ്ങൾക്ക് ബാധകമാകുന്നതുസംബന്ധിച്ച് അടങ്ങിയിട്ടുള്ള നിയന്ത്രണങ്ങൾ എന്തുതന്നെ ഉണ്ടായിരുന്നാലും, ഈ ആക്റ്റിൻ കീഴിൽ വിവാഹം ചടങ്ങനുസരിച്ച് നടത്തപ്പെടുന്ന ഏതെങ്കിലും ആളുടെ വസ്തുവിനും അങ്ങനെയുള്ള വിവാഹത്തിലെ സന്താനത്തിന്റെ വസ്തുവിനും ഉള്ള പിന്തുടർച്ച ആ ആക്റ്റിന്റെ വ്യവസ്ഥകളാൽ ക്രമപ്പെടുത്തപ്പെടുന്നതും ഈ വകുപ്പിന്റെ ആവശ്യത്തിന് ആ ആക്റ്റിന്, അതിലെ V-ാം ഭാഗം III-ാം അദ്ധ്യായം (മരണശാസനം കൂടാതെ മരിച്ച പാഴ്സികളെ സംബന്ധിച്ച പ്രത്യേക ചട്ടങ്ങൾ) അതിൽനിന്ന് വിട്ടുകളഞ്ഞിരുന്നാലെന്നപോലെ പ്രഭാവം ഉണ്ടായിരിക്കുന്നതും ആകുന്നു.

## അദ്ധ്യായം V

## ദാമ്പത്യാവകാശങ്ങളുടെ പുനഃസ്ഥാപനവും ജുഡീഷ്യലായുള്ള വേർപെടുത്തലും

22. ദാമ്പത്യാവകാശങ്ങളുടെ പുന:സ്ഥാപനം.—ഭാര്യാഭർത്താക്കൻമാരിൽ ഒരാൾ ന്യായമായ കാരണം കൂടാതെ മറേറ ആളുമായുള്ള സഹവാസത്തിൽനിന്ന് പിൻവാങ്ങുമ്പോൾ, സങ്കടകക്ഷികൾക്ക്, ദാമ്പത്യാവകാശങ്ങളുടെ പുന:സ്ഥാപനത്തിന് ഒരു ഹർജിവഴി ജില്ലാക്കോടതിയോട് അപേക്ഷിക്കാവുന്നതും, കോടതിക്ക് അങ്ങനെയുള്ള ഹർജിയിൽ പറഞ്ഞിരിക്കുന്ന പ്രസ്താവനകൾ സത്യമാണെന്നും, ആ അപേക്ഷ അനുവദിക്കാതിരിക്കുന്നതിന് നിയമപരമായ യാതൊരു കാരണവും ഇല്ലെന്നും ബോദ്ധ്യപ്പെട്ടതിൻമേൽ, അതനുസരിച്ച് ദാമ്പത്യാവകാശങ്ങളുടെ പുന:സ്ഥാപനത്തിന് വിധിക്കാവുന്നതും ആകുന്നു.

23. ജുഡീഷ്യലായുള്ള വേർപെടുത്തൽ.—(1) ഭർത്താവിനോ ഭാര്യക്കോ ജുഡീഷ്യലായി വേർപെടുത്തലിനുള്ള ഒരു ഹർജി ജില്ലാക്കോടതിയിൽ,

(ക) 27-ാം വകുപ്പിലെ (1)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചതും ഏതു കാരണങ്ങളിൻമേലാണോ വിവാഹമോചനത്തിനുള്ള ഒരു ഹർജി കൊടുക്കാവുന്നത്, അങ്ങനെയുള്ളതുമായ കാരണങ്ങളിൽ ഏതിൻമേലെങ്കിലുമോ; അല്ലെങ്കിൽ

(ഖ) ദാമ്പത്യാവകാശങ്ങളുടെ പുന:സ്ഥാപനത്തിനുള്ള ഒരു വിധി അനുസരിക്കാത്ത കാരണത്തിൻമേലോ,

കൊടുക്കാവുന്നതും, കോടതിക്ക് അങ്ങനെയുള്ള ഹർജിയിൽ പറഞ്ഞിരിക്കുന്ന പ്രസ്താവനകൾ സത്യമാണെന്നും അപേക്ഷ അനുവദിക്കാതിരിക്കുന്നതിന് നിയമപരമായ യാതൊരു കാരണവും ഇല്ലെന്നും ബോദ്ധ്യപ്പെട്ടതിൻമേൽ, അതനുസരിച്ച് ജുഡീഷ്യലായുള്ള വേർപെടുത്തലിന് വിധിക്കാവുന്നതും ആകുന്നു.

(2) കോടതി ജുഡീഷ്യലായ വേർപെടുത്തലിനുള്ള ഒരു വിധി നല്കുന്നിടത്ത്, പിന്നീട് എതിർ കക്ഷിയുമായി സഹവസിക്കുവാൻ ഹർജി കൊടുത്ത ആളക്ക് ബാദ്ധ്യതയില്ലാത്തതും, എന്നാൽ കോടതിക്ക്, ഇരു കക്ഷികളിൽ ആരുടെയെങ്കിലും ഹർജിവഴിയുള്ള അപേക്ഷയിൻമേലും അങ്ങനെയുള്ള ഹർജിയിൽ പറഞ്ഞിട്ടുള്ള പ്രസ്താവനകളുടെ സത്യാവസ്ഥയെപ്പററി ബോദ്ധ്യപ്പെട്ടതിൻമേലും ആ വിധി റദ്ദാക്കുന്നത് നീതിപൂർവ്വകവും ന്യായമായതുമാണെന്ന് കരുതുന്നുവെങ്കിൽ, അപ്രകാരം ചെയ്യാവുന്നതും ആകുന്നു.

## അദ്ധ്യായം VI

## വിവാഹത്തിൻെറ അകൃതതയും വിവാഹ മോചനവും

24. ശൂന്യ വിവാഹങ്ങൾ.—(1) ഈ ആക്ററിൻകീഴിൽ ചടങ്ങനുസരിച്ചു നടത്തപ്പെട്ട ഏതെങ്കിലും വിവാഹം.—

(i) 4-ാം വകുപ്പിലെ (ക), (ഖ), (ഗ), (ഘ) എന്നീ ഖണ്ഡങ്ങളിൽ വിനിർദ്ദിഷ്ടമായ ഉപാധികളിൽ ഏതെങ്കിലും നിറവേററപ്പെടാതിരിക്കുകയോ, അല്ലെങ്കിൽ

(ii) വിവാഹ സമയത്തും വ്യവഹാരം കൊടുക്കുന്ന സമയത്തും എതിർ കക്ഷി ലൈംഗിക സംഗതിന് അശക്തനായിരിക്കുകയോ;

ചെയ്യുകയാണെങ്കിൽ, അകൃതവും ശൂന്യവും ആകുന്നതും, ഒരു അകൃതതാവിധിയാൽ അപ്രകാരം പ്രഖ്യാപിക്കാവുന്നതും ആകുന്നു.

(2) ഈ വകുപ്പിൽ അടങ്ങിയ യാതൊന്നും 18-ാം വകുപ്പിൻെറ അർത്ഥത്തിൽ ഈ ആക്ററിൻ കീഴിൽ ചടങ്ങനുസരിച്ച് നടത്തപ്പെട്ടതാണെന്ന് കരുതപ്പെടുന്ന ഏതെങ്കിലും വിവാഹത്തിന് ബാധകമാകുന്നതല്ലാത്തതും എന്നാൽ അങ്ങനെയുള്ള ഏതെങ്കിലും വിവാഹത്തിൻെറ III-ാം അദ്ധ്യായത്തിൻകീഴിലെ രജിസ്ട്രേഷൻ, ആ രജിസ്ട്രേഷൻ 15-ാം വകുപ്പിലെ (ക) മുതൽ (ങ) വരെയുള്ള ഖണ്ഡങ്ങളിൽ വിനിർദ്ദിഷ്ടമായ ഉപാധികളിൽ ഏതെങ്കിലും ഉല്ലംഘിക്കുന്നതായിരുന്നുവെങ്കിൽ, യാതൊരു പ്രഭാവവും ഇല്ലാത്തതാണെന്ന് പ്രഖ്യാപിക്കപ്പെടാവുന്നതും ആകുന്നു:

എന്നാൽ 17-ാം വകുപ്പിൻകീഴിൽ ഒരു അപ്പീൽ കൊടുക്കുകയും ജില്ലാ കോടതിയുടെ തീരുമാനം അന്തിമമായിത്തീരുകയും ചെയ്തിട്ടുള്ളിടത്ത്, അങ്ങനെയുള്ള പ്രഖ്യാപനം ഒരു സംഗതിയിലും ചെയ്യാൻ പാടുള്ളതല്ല.

25. ശൂന്യമാക്കാവുന്ന വിവാഹങ്ങൾ.— ഈ ആക്ററിൻ കീഴിൽ ചടങ്ങനുസരിച്ച് നടത്തപ്പെട്ട ഏതെങ്കിലും വിവാഹം —

(i) വിവാഹം ലൈംഗിക സംഗത്തോടെ പൂർത്തീകരിക്കുവാൻ എതിർ കക്ഷി മനഃപൂർവ്വം വിസമ്മതിക്കുകയാൽ വിവാഹം ലൈംഗിക സംഗത്തോടെ പൂർത്തിയാക്കിയിട്ടില്ലെങ്കിലോ;

(ii) വിവാഹസമയത്ത് എതിർ കക്ഷി ഹർജി കൊടുക്കുന്ന ആളിൽ നിന്നല്ലാതെ മറേറതെങ്കിലും ആളിൽ നിന്ന് ഗർഭം ധരിച്ചിട്ടുണ്ടെങ്കിലോ;

(iii) വിവാഹത്തിലെ ഇരു കക്ഷികളിൽ ആരുടേയെങ്കിലും സമ്മതം ഇൻഡ്യൻ കാൺട്രാക്ററ് ആക്ററ്, 1872 (1872-ലെ 9) ൽ നിർവ്വചിച്ച പ്രകാരമുള്ള ബലാൽക്കരണത്താലോ വഞ്ചനയാലോ നേടിയിട്ടുള്ളതാണെങ്കിലോ,

ശൂന്യമാക്കാവുന്ന ഒന്നാകുന്നതും അത് ഒരു അകൃതതാവിധിയാൽ അകൃതമാക്കാവുന്നതുമാണ്.

എന്നാൽ (ii)-ാം ഖണ്ഡത്തിൽ വിനിർദ്ദിഷ്ടമായ സംഗതിയിൽ

(ക) വിവാഹ സമയത്ത് ഹർജി കൊടുക്കുന്ന ആൾക്ക് പറയപ്പെട്ട വസ്തുതകളെപ്പറ്റി അറിവുണ്ടായിരുന്നില്ലെന്നും ;

(ഖ) നടപടികൾ ആരംഭിച്ചത് വിവാഹത്തീയതി മുതൽ ഒരു വർഷത്തിനുള്ളിൽ ആണെന്നും;

(ഗ) ഒരു വിധിക്കുള്ള കാരണങ്ങളുടെ അസ്തിത്വം ഹർജി കൊടുക്കുന്നയാൾ കണ്ടുപിടിച്ചതിനു ശേഷം ഹർജി കൊടുക്കുന്ന ആളുടെ സമ്മതത്തോടുകൂടി വൈവാഹിക സംഗം ഉണ്ടായിട്ടില്ലെന്നും,

ബോദ്ധ്യമാകാത്തപക്ഷം കോടതി ഒരു വിധി നല്കാൻ പാടുള്ളതല്ല:

എന്നു മാത്രമല്ല (iii)-ാം ഖണ്ഡത്തിൽ വിനിർദ്ദിഷ്ടമായ സംഗതിയിൽ,-

(ക) അതതു സംഗതിപോലെ ബലാൽക്കരണം അവസാനിക്കുകയോ വഞ്ചന കണ്ടുപിടിക്കുകയോ ചെയ്തതിനു ശേഷം ഒരു വർഷത്തിനുള്ളിൽ നടപടികൾ ആരംഭിക്കാതിരിക്കുകയോ, അല്ലെങ്കിൽ

(ഖ) അതതു സംഗതിപോലെ, ബലാൽക്കരണം അവസാനിക്കുകയോ വഞ്ചന കണ്ടുപിടിക്കുകയോ ചെയ്തതിനുശേഷം ഹർജി കൊടുക്കുന്ന ആൾ, തന്റെ സ്വതന്ത്രമായ സമ്മതത്തോടുകൂടി വിവാഹത്തിലെ മറേറ കക്ഷിയുമായി ഭാര്യാ ഭർത്താക്കൻമാർ എന്ന നിലയിൽ ജീവിക്കുകയോ;

ചെയ്യുകയാണെങ്കിൽ കോടതി ഒരു വിധി നല്കാൻ പാടുള്ളതല്ല.

26. ശൂന്യ വിവാഹങ്ങളിലേയും ശൂന്യമാക്കാവുന്ന വിവാഹങ്ങളിലേയും കുട്ടികൾ നിയമാനുസൃത വേഴ്ചയിൽ ഉണ്ടായതായി കരുതപ്പെടുന്നത്.— 24-ാം വകുപ്പിനോ 25-ാം വകുപ്പിനോ കീഴിൽ ഏതെങ്കിലും വിവാഹം സംബന്ധിച്ച് ഒരു അകൃതതാവിധി നല്കിയിട്ടുള്ളിടത്ത്, ആ വിവാഹം ഒരു അകൃതതാവിധിയാൽ അകൃതവും ശൂന്യവുമായി പ്രഖ്യാപിക്കുകയോ ആകൃതമാക്കുകയോ ചെയ്യുന്നതിനു പകരം, അത് വിഘടിതമാക്കിയിരുന്നാൽ, ആ വിവാഹത്തിലെ കക്ഷികളുടെ നിയമാനുസൃതവേഴ്ചയിലുണ്ടായ കുട്ടി ആകുമായിരുന്നതും ആ വിധിക്കു മുമ്പ് ജനിച്ചതും ആയ ഏതെങ്കിലും കുട്ടി, അകൃതതാവിധി ഉണ്ടായിരുന്നാലും അവരുടെ നിയമാനുസൃത വേഴ്ചയിൽ ഉണ്ടായ കുട്ടിയായി കരുതപ്പെടുന്നതാകുന്നു:

എന്നാൽ ഈ വകുപ്പിൽ അടങ്ങിയ യാതൊന്നിനും, ഒരു അകൃതതാവിധിയാൽ അകൃതവും ശൂന്യവുമായി പ്രഖ്യാപിക്കുകയോ അകൃതമാക്കുകയോ ചെയ്തിട്ടുള്ള ഒരു വിവാഹത്തിലെ ഏതെങ്കിലും കുട്ടിക്ക്, അങ്ങനെയുള്ള കുട്ടി മാതാപിതാക്കൻമാരുടെ നിയമാനുസൃത വേഴ്ചയിലുണ്ടായ കുട്ടിയല്ല എന്ന കാരണത്താൽ അതിന്റെ മാതാപിതാക്കൻമാരല്ലാത്ത മറേറതെങ്കിലും ആളുടെ വസ്തുവിനോ വസ്തുവിലോ ഉള്ള ഏതെങ്കിലും അവകാശം കൈവശപ്പെടുത്തുകയോ ആർജ്ജിക്കുകയോ ചെയ്യുന്നതിന് ഈ ആക്ററ് പാസ്സാക്കിയിട്ടില്ലെങ്കിൽ അതിനു കഴിയാതിരിക്കുമായിരുന്നിടത്ത്, അങ്ങനെയുള്ള ഏതെങ്കിലും അവകാശം നല്കുന്നതായി അർത്ഥം കല്പിക്കുവാൻ പാടുള്ളതല്ല.

27. വിവാഹ മോചനം.—(1) ഈ ആക്ററിന്റെ വ്യവസ്ഥകൾക്കും അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾക്കും വിധേയമായി, വിവാഹ മോചനത്തിനുള്ള ഒരു ഹർജി, ജില്ലാ കോടതിയിൽ ഭർത്താവിനോ ഭാര്യക്കോ, എതിർ കക്ഷി—

(ക) വിവാഹം ചടങ്ങനുസരിച്ച് നടത്തികൊടുത്തതിനു ശേഷം വ്യഭിചരിച്ചിട്ടുണ്ട് എന്നോ: അല്ലെങ്കിൽ

(ഖ) ഹർജി ബോധിപ്പിച്ചതിന് തൊട്ടു മുമ്പ്, കുറഞ്ഞത് മൂന്നു വർഷക്കാലമെങ്കിലും കാരണം കൂടാതെ ഹർജി കൊടുക്കുന്ന ആളെ അഭിത്യജിച്ചിട്ടുണ്ടെന്നോ; അല്ലെങ്കിൽ

(ഗ) ഇന്ത്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45) യിൽ നിർവ്വചിച്ച പ്രകാരമുള്ള ഒരു കുററത്തിന് ഏഴു വർഷമോ അതിൽ കൂടുതലോ ഉള്ള കാലത്തേക്ക് തടവുശിക്ഷ അനുഭവിച്ചുകൊണ്ടിരിക്കുകയാണെന്നോ, എന്നാൽ മേല്പറഞ്ഞ ഏഴു വർഷക്കാലത്തിൽ കുറഞ്ഞത് മൂന്നു വർഷത്തെയെങ്കിലും തടവു ശിക്ഷ, ഹർജി ബോധിപ്പിച്ചതിനു മുമ്പായി എതിർകക്ഷി അനുഭവിച്ചിട്ടില്ലാത്തപക്ഷം, ഇക്കാരണത്തിൻമേൽ വിവാഹ മോചനം അനുവദിക്കാൻ പാടുള്ളതല്ല; അല്ലെങ്കിൽ

(ഘ) വിവാഹം ചടങ്ങനുസരിച്ച് നടത്തിക്കൊടുത്തതിനുശേഷം ഹർജി കൊടുക്കുന്ന ആളോട് ക്രൂരതയോടുകൂടി പെരുമാറിയിട്ടുണ്ടെന്നോ; അല്ലെങ്കിൽ

(ങ) ഹർജി ബോധിപ്പിച്ചതിന് തൊട്ടുമുൻപ് തുടർച്ചയായി മൂന്നു വർഷത്തിൽ കുറയാത്ത കാലം ഭേദമാകാത്ത ചിത്തഭ്രമമുള്ള ആളായിരുന്നുവെന്നോ; അല്ലെങ്കിൽ

(ച) ഹർജി ബോധിപ്പിച്ചതിന് തൊട്ടുമുൻപ് മൂന്നു വർഷത്തിൽ കുറയാത്ത കാലം ഹർജി കൊടുക്കുന്ന ആളിൽ നിന്ന് കിട്ടിയിട്ടുള്ളതല്ലാത്ത പകരാവുന്ന രൂപത്തിലുള്ള ഗുഹ്യരോഗം ബാധിച്ചിരുന്ന ആളായിരുന്നുവെന്നോ; അല്ലെങ്കിൽ

(ഛ) ഹർജി ബോധിപ്പിച്ചതിന് തൊട്ടുമുൻപ്, മൂന്നു വർഷത്തിൽ കുറയാത്ത കാലം ഹർജി കൊടുക്കുന്ന ആളിൽ നിന്ന് കിട്ടിയിട്ടുള്ളതല്ലാത്ത കുഷ്ഠരോഗം ബാധിച്ചിരുന്ന ആളായിരുന്നുവെന്നോ; അല്ലെങ്കിൽ

(ജ) ജീവിച്ചിരിപ്പുള്ളതായി, എതിർകക്ഷി ജീവിച്ചിരിപ്പുണ്ടെങ്കിൽ എതിർകക്ഷിയെക്കുറിച്ച് സ്വാഭാവികമായി കേൾക്കുമായിരുന്ന ആളുകൾ ഏഴുവർഷമോ അതിൽകൂടുതലോ കാലമായി കേട്ടിട്ടില്ലെന്നോ;

ഉള്ള കാരണത്തിൻമേൽ കൊടുക്കാവുന്നതാണ്.

(2) ഈ ആക്ററിലെ വ്യവസ്ഥകൾക്കും അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾക്കും വിധേയമായി, ഒരു വിവാഹത്തിലെ കക്ഷികളിൽ ഏതെങ്കിലുമൊരാൾക്കും, ആ വിവാഹം ആഘോഷിച്ചത് 1970-ലെ പ്രത്യേക വിവാഹ ഭേദഗതി ആക്ററിന്റെ പ്രാരംഭത്തിനു മുമ്പോ പിമ്പോ ആയാലും, താഴെ പറയുന്ന കാരണങ്ങളിൻമേൽ ജില്ലാക്കോടതിയിൽ വിവാഹമോചനത്തിനു ഹർജി ബോധിപ്പിക്കാവുന്നതാകുന്നു.

(i) തങ്ങൾ കക്ഷികളായിരുന്ന ഒരു നടപടിയിൽ ജുഡീഷ്യലായ വേർപെടുത്തലിന് വിധി പാസാക്കിയശേഷം ഒരു വർഷമോ അതിൽ കൂടുതലോ കാലമായി വിവാഹത്തിലെ കക്ഷികൾ തമ്മിൽ സഹവാസം പുനരാരംഭിച്ചിട്ടില്ല; അല്ലെങ്കിൽ

(ii) തങ്ങൾ കക്ഷികളായിരുന്ന ഒരു നടപടിയിൽ ദാമ്പത്യാവകാശങ്ങൾ പുനഃസ്ഥാപിക്കുന്നതിന് വിധി പാസാക്കിയശേഷം ഒരു വർഷമോ അതിൽ കൂടുതലോ കാലമായി വിവാഹത്തിലെ കക്ഷികൾ തമ്മിൽ ദാമ്പത്യഅവകാശങ്ങളുടെ പുനഃസ്ഥാപനം ഉണ്ടായിട്ടില്ല.

28. പരസ്പരസമ്മതംവഴി വിവാഹമോചനം.—(1) ഈ ആക്ററിന്റെ വ്യവസ്ഥകൾക്കും അതിൻ കീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾക്കും വിധേയമായി, ഒരു വർഷമോ അതിൽ കൂടുതലോ കാലമായി തങ്ങൾ വേർപെട്ടു ജീവിച്ചുവരികയാണെന്നും ഒരുമിച്ചു ജീവിക്കുവാൻ തങ്ങൾക്ക് സാധിച്ചിട്ടി

ല്ലെന്നും വിവാഹം വിഘടിതമാക്കണമെന്ന് തങ്ങൾ പരസ്പരം സമ്മതിച്ചിട്ടുണ്ടെന്നും ഉള്ള കാരണത്തിൻമേൽ ഇരു കക്ഷികളുംകൂടി ജില്ലാക്കോടതിയിൽ വിവാഹമോചനത്തിന് ഹർജി ബോധിപ്പിക്കാവുന്നതാണ്.

(2) (1)-ാം ഉപ വകുപ്പിൽ പറഞ്ഞ ഹർജി കൊടുത്ത തീയതിക്ക് ശേഷം ഒരുവർഷത്തിനു മുമ്പല്ലാതെയും രണ്ടു വർഷത്തിന് പിൻപല്ലാതെയും ഉള്ള ഇരുകക്ഷികളുടേയും അർത്ഥനയിൻമേൽ, ഹർജി അതിനിടയിൽ പിൻവലിച്ചിട്ടില്ലെങ്കിൽ ജില്ലാക്കോടതി, കക്ഷികൾക്ക് പറയാനുള്ളതു കേട്ടതിനുശേഷവും യുക്തമെന്ന് അതിന് തോന്നുന്ന അന്വേഷണവിചാരണ നടത്തിയതിനുശേഷവും ഈ ആക്റ്റിൻകീഴിൽ ഒരു വിവാഹം ചട്ടങ്ങളനുസരിച്ച് നടത്തപ്പെട്ടിട്ടുണ്ടെന്നും ഹർജിയിലെ പ്രസ്താവനകൾ സത്യമാണെന്നും അതിന് ബോദ്ധ്യപ്പെട്ടതിൻമേൽ, വിധിത്തീയതി മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം വിവാഹം വിഘടിതമായതായി പ്രഖ്യാപിച്ചുകൊണ്ട് വിധി പാസാക്കേണ്ടതാകുന്നു.

29. <u>വിവാഹത്തിനുശേഷം ആദ്യത്തെ മൂന്നുവർഷത്തേയ്ക്ക് വിവാഹമോചന ഹർജികൾക്കുള്ള പരിമിതി.</u>—(1) ഹർജി ബോധിപ്പിച്ച തീയതിക്ക്, വിവാഹസർട്ടിഫിക്കറ്റ് ബുക്കിൽ വിവാഹസർട്ടിഫിക്കറ്റ് ചേർത്ത തീയതിക്കു ശേഷം മൂന്നു വർഷം കഴിഞ്ഞിട്ടില്ലാത്തപക്ഷം, വിവാഹമോചനത്തിനുള്ള യാതൊരു ഹർജിയും ജില്ലാക്കോടതിയിൽ ബോധിപ്പിക്കാൻ പാടുള്ളതല്ല:

എന്നാൽ ജില്ലാക്കോടതിക്ക്, അതിനു അപേക്ഷ നല്കുന്നതിൻമേൽ, ഹർജി മൂന്നു വർഷം കഴിയുന്നതിനു മുമ്പ് ബോധിപ്പിക്കാൻ, ഹർജി കൊടുക്കുന്ന ആൾ അസാധാരണ കഷ്ടത അനുഭവിച്ചിട്ടുള്ളതോ എതിർ കക്ഷിയുടെ ഭാഗത്ത് അസാധാരണ ദുർമാർഗ്ഗിത്വം ഉള്ളതോ ആയ സംഗതിയാണെന്ന കാരണത്തിൻമേൽ, അനുവദിക്കാവുന്നതാണ്; എന്നാൽ ഹർജി ബോധിപ്പിക്കാനുള്ള അനുവാദം ഹർജി ബോധിപ്പിക്കുന്ന ആൾ സംഗതികളുടെ സ്വഭാവം തെററിദ്ധരിപ്പിച്ചോ മറച്ചുവച്ചോ നേടിയതാണെന്ന്, ഹർജിയുടെ ഹിയറിങ്ങ് സമയത്ത് ജില്ലാക്കോടതിയ്ക്ക് തോന്നുന്നുവെങ്കിൽ, ജില്ലാക്കോടതിയ്ക്ക്, ഒരു വിധി പ്രസ്താവിക്കുന്നുവെങ്കിൽ, അത് വിവാഹത്തീയതി മുതൽ മൂന്നു വർഷം കഴിയുന്നതുവരെ വിധിക്ക് പ്രാബല്യമുണ്ടായിരിക്കുന്നതല്ലെന്നുള്ള ഉപാധിക്ക് വിധേയമായി ചെയ്യാവുന്നതോ, അല്ലെങ്കിൽ തള്ളിക്കളയുന്ന ഹർജിക്ക് അവലംബമായി തെളിയിക്കപ്പെട്ടിട്ടുള്ള അതേ വസ്തുതകളിൻമേലോ സാരാംശത്തിൽ അതേ വസ്തുതയിൻമേലോ മേല്പറഞ്ഞ മൂന്നുവർഷം കഴിഞ്ഞതിനുശേഷം, കൊണ്ടുവരുന്ന ഏതെങ്കിലും ഹർജിയ്ക്ക് ഭംഗം വരാത്ത വിധത്തിൽ ഹർജി തള്ളിക്കളയാവുന്നതോ ആണ്.

(2) വിവാഹമോചനത്തിനുള്ള ഒരു ഹർജി വിവാഹത്തീയതി മുതൽ മൂന്നു വർഷം കഴിയുന്നതിനു മുമ്പ് ഒരു ഹർജി ബോധിപ്പിക്കുവാൻ അനുവാദത്തിനുള്ള ഈ വകുപ്പിൻകീഴിലെ ഏതെങ്കിലും അപേക്ഷ തീരുമാനിക്കുന്നതിൽ, ജില്ലാക്കോടതി, ആ വിവാഹത്തിലെ ഏതെങ്കിലും കുട്ടികളുടെ താൽപര്യങ്ങളും, മേല്പറഞ്ഞ മൂന്നു വർഷം കഴിയുന്നതിനു മുമ്പ് കക്ഷികൾ തമ്മിൽ രഞ്ജിപ്പിനുള്ള ന്യായമായ സംഭവ്യതയുണ്ടോ എന്ന പ്രശ്നവും കണക്കിലെടുക്കേണ്ടതാകുന്നു.

30. <u>വിവാഹമോചനം നേടിയവരുടെ പുനർവിവാഹം.</u>—ഒരു വിവാഹമോചന വിധിയാൽ വിവാഹം വിഘടിതമാവുകയും, ആ വിധിയിൻമേൽ ഒന്നുകിൽ അപ്പീൽ കൊടുക്കുന്നതിന് യാതൊരു അവകാശവുമില്ലാതിരിക്കുകയോ അല്ലെങ്കിൽ അങ്ങനെ അപ്പീലിന് അവകാശമുണ്ടെങ്കിൽ അപ്പീൽ കൊടുക്കാതെ അപ്പീലിനുള്ള കാലാവധി കഴിഞ്ഞിരിക്കുകയോ അപ്പീൽ ബോധിപ്പിക്കു

കയും എന്നാൽ അതു തള്ളിക്കളഞ്ഞിരിക്കുകയോ ചെയ്യുകയും അതിനുശേഷം ഒരു വർഷം കഴിയുകയും ചെയ്തിട്ടുള്ളിടത്ത്, എന്നാൽ അതിനു മുമ്പല്ലാതെ വിവാഹത്തിലെ ഇരു കക്ഷികളിൽ ആർക്കെങ്കിലും വീണ്ടും വിവാഹം ചെയ്യാവുന്നതാണ്.

## അദ്ധ്യായം VII

## അധികാരിതയും നടപടിക്രമവും

31. <u>ഹർജി ഏതു കോടതിയിൽ കൊടുക്കണമെന്ന്.</u>—(1) V-ാം അദ്ധ്യായത്തിനോ VI-ാം അദ്ധ്യായത്തിനോ കീഴിലുള്ള ഏതൊരു ഹർജിയും, ഏതു ജില്ലാക്കോടതിയുടെ അധികാരിതയുടെ തദ്ദേശാതിർത്തിക്കുള്ളിലാണോ വിവാഹം ചടങ്ങനുസരിച്ച് നടത്തപ്പെട്ടത്, അല്ലെങ്കിൽ ഭർത്താവും ഭാര്യയും താമസിക്കുന്നത്, അല്ലെങ്കിൽ ഏറ്റവു ഒടുവിൽ ഒരുമിച്ചു താമസിച്ചത്, ആ ജില്ലാക്കോടതിയിൽ ബോധിപ്പിക്കേണ്ടതാകുന്നു.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ കോടതിക്ക് പ്രയോഗിക്കാവുന്ന ഏതെങ്കിലും അധികാരിതയ്ക്ക് ഭംഗംവരാതെ, ജില്ലാക്കോടതിയ്ക്ക് വിവാഹം അകൃതമാക്കുന്നതിനോ വിവാഹമോചനത്തിനോ ഉള്ള, ഈ ആക്റ്റ് വ്യാപിക്കുന്ന രാജ്യക്ഷേത്രങ്ങളിൽ അധിവാസമുള്ള ഒരു ഭാര്യയുടെ ഹർജി, അവൾ ആ രാജ്യക്ഷേത്രങ്ങളിൽ താമസമുള്ളവളും ഹർജി ബോധിപ്പിക്കുന്നതിന് തൊട്ടു മുമ്പ് മൂന്നു വർഷക്കാലം അവിടെ സാധാരണ താമസമുണ്ടായിരുന്നവളും ആയിരിക്കുകയും ഭർത്താവ് ആ രാജ്യക്ഷേത്രങ്ങളിൽ താമസമുള്ളവനല്ലാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ, ഈ ഉപവകുപ്പിന്റെ ബലത്തിൽ സ്വീകരിക്കാവുന്നതാണ്.

32. <u>ഹർജികളുടെ ഉള്ളടക്കവും സത്യബോധപ്പെടുത്തലും.</u>—(1) V-ാം അദ്ധ്യായത്തിനോ VI-ാം അദ്ധ്യായത്തിനോ കീഴിൽ ബോധിപ്പിക്കുന്ന ഏതൊരു ഹർജിയിലും കേസിന്റെ സ്വഭാവം അനുവദിക്കുന്നത്ര വ്യക്തമായി നിവൃത്തിക്കുള്ള അവകാശവാദത്തിന് അടിസ്ഥാനമായ വസ്തുതകൾ പ്രസ്താവിക്കേണ്ടതും, ഹർജി കൊടുക്കുന്ന ആളും വിവാഹത്തിലെ മറ്റെ കക്ഷിയും തമ്മിൽ യാതൊരു കപടസന്ധിയുമില്ലെന്നുംകൂടി പ്രസ്താവിക്കേണ്ടതും ആകുന്നു.

(2) അങ്ങനെയുള്ള ഏതൊരു ഹർജിയിലും അടങ്ങിയിട്ടുള്ള പ്രസ്താവനകൾ, ഹർജിക്കാരനോ അല്ലെങ്കിൽ ക്ഷമതയുള്ള മറ്റാരെങ്കിലും ആളോ, അന്യായങ്ങളുടെ സത്യബോധപ്പെടുത്തലിന് നിയമം ആവശ്യപ്പെടുന്ന രീതിയിൽ സത്യബോധപ്പെടുത്തേണ്ടതും ഹിയറിങ്ങ് സമയത്ത് തെളിവെന്നപോലെ അതിലേക്ക് നോക്കാവുന്നതുമാണ്.

33. <u>നടപടികൾ സ്വകാര്യമായിരിക്കാമെന്ന്.</u>—ഈ ആക്റ്റിൻകീഴിലുള്ള ഒരു നടപടിയുടെ വിചാരണ സ്വകാര്യമായി നടത്തണമെന്ന് ഇരു കക്ഷികളിൽ ആരെങ്കിലും ആഗ്രഹിക്കുകയോ അല്ലെങ്കിൽ അപ്രകാരം ചെയ്യുന്നത് യുക്തമാണെന്ന് ജില്ലാക്കോടതി കരുതുകയോ ചെയ്യുകയാണെങ്കിൽ, അപ്രകാരം ചെയ്യേണ്ടതാകുന്നു.

34. <u>വിധി പാസാക്കുന്നതിൽ കോടതിയുടെ കർത്തവ്യം.</u>—(1) V-ാം അദ്ധ്യായത്തിനോ VI-ാം അദ്ധ്യായത്തിനോ കീഴിലുള്ള ഏതെങ്കിലും നടപടിയിൽ അതു പ്രതിവാദം ചെയ്തിട്ടുള്ളതാണെങ്കിലും അല്ലെങ്കിലും,—

(ക) നിവൃത്തി അനുവദിക്കുന്നതിനുള്ള കാരണങ്ങളിൽ ഏതെങ്കിലും ഉണ്ടെന്നും,

(ഖ) ഹർജിയിലെ കാരണം വ്യഭിചാരമാണെങ്കിൽ ഹർജി, കൊടുക്കുന്നയാൾ ഒരു വിധത്തിലും ആ വ്യഭിചാരത്തിന് സഹായിയാവുകയോ, മൗനാനുവാദം നല്കുകയോ അത് മാപ്പാക്കുകയോ ചെയ്തിട്ടില്ലെന്നും, അല്ലെങ്കിൽ ഹർജിയിലെ കാരണം ക്രൂരതയായിട്ടുള്ളിടത്ത് ഹർജി കൊടുക്കുന്ന ആൾ ആ ക്രൂരത ഒരുവിധത്തിലും മാപ്പാക്കിയിട്ടില്ലെന്നും;

(ഗ) പരസ്പരസമ്മതത്തിന്റെ കാരണത്തിൻമേൽ വിവാഹമോചനത്തിന് അപേക്ഷിക്കുമ്പോൾ അങ്ങനെയുള്ള സമ്മതം ബലപ്രയോഗത്താലോ വഞ്ചനയാലോ അനുചിതമായ സ്വാധീനത്താലോ ലഭിച്ചിട്ടുള്ളതല്ലെന്നും;

(ഘ) ഹർജി എതിർകക്ഷിയുമായി കപട സന്ധിയിലേർപ്പെട്ട് ബോധിപ്പിച്ചിട്ടുള്ളതോ നടത്തുന്നതോ അല്ലെന്നും;

(ങ) നടപടി ആരംഭിക്കുന്നതിന് അനാവശ്യമോ അനുചിതമോ ആയ ഏതെങ്കിലും കാലതാമസം ഉണ്ടായിട്ടില്ലെന്നും;

(ച) നിവൃത്തി നല്കാതിരിക്കുന്നതിന് മറ്റൊരു നിയമകാരണവുമില്ലെന്നും,

കോടതിയ്ക്ക് ബോദ്ധ്യപ്പെടുന്നുവെങ്കിൽ അപ്പോഴും അങ്ങനെയുള്ള സംഗതിയിലും, കോടതി അതനുസരിച്ച് അങ്ങനെയുള്ള നിവൃത്തിയ്ക്ക്, വിധിക്കേണ്ടതും, എന്നാൽ മററു സംഗതികളിൽ അങ്ങനെ ചെയ്യാൻ പാടില്ലാത്തതും ആകുന്നു.

(2) ഈ ആക്ററിൻകീഴിലുള്ള ഏതെങ്കിലും നിവൃത്തി നല്കുന്നതിൽ മുന്നോട്ട് പോകുന്നതിനു മുൻപ്, കക്ഷികൾ തമ്മിൽ രജ്ഞിപ്പ് ഉണ്ടാക്കുന്നതിനുള്ള എല്ലാ യത്നവും ചെയ്യേണ്ടത്, കേസിന്റെ സ്വഭാവത്തിനും പരിതഃസ്ഥിതിക്കും സംഗതമാകുംവണ്ണം അങ്ങനെ ചെയ്യാൻ സാദ്ധ്യമാവുന്ന ഓരോ സംഗതിയിലും, കോടതിയുടെ പ്രഥമ കർത്തവ്യം ആകുന്നു.

35. <u>വിവാഹമോചനത്തിനുള്ള ഹർജിയിൻമേൽ എതിർ കക്ഷിയ്ക്ക് നിവൃത്തി.</u>—വിവാഹമോചനത്തിനുള്ള ഏതെങ്കിലും നടപടിയിൽ, അപേക്ഷിച്ചിട്ടുള്ള നിവൃത്തിയെ ഹർജി കൊടുക്കുന്ന ആളുടെ വ്യഭിചാരത്തിന്റേയോ ക്രൂരതയുടേയോ അഭിത്യജനത്തിന്റേയോ കാരണത്തിൻമേൽ എതിർ കക്ഷി എതിർക്കുന്നുവെങ്കിൽ, എതിർ കക്ഷിക്ക്, അവനോ അവളോ അങ്ങനെയുള്ള നിവൃത്തിക്ക് അപേക്ഷിച്ചുകൊണ്ട് ഒരു ഹർജി ബോധിപ്പിച്ചിരുന്നുവെങ്കിൽ അവനോ അവൾക്കോ കിട്ടുവാനവകാശമുണ്ടായിരുന്ന അതേ നിവൃത്തി കോടതിയ്ക്ക് നല്കാവുന്നതാണ്.

36. <u>വ്യവഹാരം നിലവിലുള്ള കാലത്തെ ജീവനാംശം.</u>—V-ാം അദ്ധ്യായത്തിനോ VI-ാം അദ്ധ്യായത്തിനോ കീഴിലുള്ള ഏതെങ്കിലും നടപടിയിൽ ഭാര്യയ്ക്ക് ജീവസന്ധാരണത്തിനും ആവശ്യമായ നടപടിച്ചെലവുകൾക്കും മതിയായ സ്വാതന്ത്ര്യവരുമാനം ഇല്ലെന്ന് ജില്ലാക്കോടതിയ്ക്കു തോന്നുന്നിടത്ത്, ഭാര്യയുടെ അപേക്ഷയിൻമേൽ, നടപടിച്ചെലവുകളും, നടപടിക്കാലത്ത് പ്രതിവാരമോ പ്രതിമാസമോ, ഭർത്താവിന്റെ വരുമാനം പരിഗണനയിലെടുക്കുമ്പോൾ കോടതിയ്ക്ക് ന്യായമാണെന്നു തോന്നുന്ന തുകയും ഭർത്താവ് അവൾക്ക് കൊടുക്കണമെന്ന്, കോടതിയ്ക്ക് ഉത്തരവു നല്കാവുന്നതാണ്.

37. <u>സ്ഥിരം ജീവനാംശവും സംരക്ഷണവും.</u>—(1) V-ാം അദ്ധ്യായത്തിനോ VI-ാം അദ്ധ്യായത്തിനോ കീഴിൽ അധികാരിതപ്രയോഗിക്കുന്ന ഏതെങ്കിലും കോടതിയ്ക്ക്, ഏതെങ്കിലും വിധി പാസാക്കുന്ന സമയത്തോ അല്ലെങ്കിൽ വിധിക്കുശേഷം ഏതെങ്കിലും സമയത്തോ, ആ ആവശ്യത്തിലേക്ക്

കൊടുക്കുന്ന അപേക്ഷയിൻമേൽ, ഭർത്താവ് ഭാര്യയ്ക്ക് ഭാര്യയുടെ സംരക്ഷണത്തിനും ജീവസന്ധാരണത്തിനുമായി, അവളുടെ ജീവിതകാലത്തിൽ കവിയാത്ത ഏതെങ്കിലും കാലത്തേക്ക്, അവളുടെ സ്വന്തം വസ്തു എന്തെങ്കിലുമുണ്ടെങ്കിൽ അതും അവളുടെ ഭർത്താവിന്റെ വസ്തുവും കഴിവും കക്ഷികളുടെ പെരുമാററവും പരിഗണനയിലെടുത്തുകൊണ്ട് നീതിപൂർവ്വകമാണെന്ന് കോടതിക്ക് തോന്നുന്ന ഒരു മൊത്തസംഖ്യയ്ക്കോ, പ്രതിമാസമായോ ആനുകാലികമായോ നല്കേണ്ട സംഖ്യയ്ക്കോ, ആവശ്യമാണെങ്കിൽ ഭർത്താവിന്റെ വസ്തുവിൻമേൽ ചാർജാക്കിക്കൊണ്ടോ, ഈടു നല്കണമെന്ന് ഉത്തരവു പുറപ്പെടുവിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ ഒരു ഉത്തരവു പുറപ്പെടുവിച്ചതിനു ശേഷം ഏതു സമയത്തും ഇരു കക്ഷികളിൽ ആരുടേയെങ്കിലും പരിതഃസ്ഥിതികളിൽ മാററമുണ്ടായിട്ടുണ്ടെന്ന് ബോദ്ധ്യമായാൽ ജില്ലാക്കോടതിയ്ക്ക് അവരിൽ ഏതെങ്കിലും കക്ഷിയുടെ ആവശ്യപ്രകാരം, നീതിപൂർവ്വകമെന്ന് കോടതിക്ക് തോന്നുന്ന രീതിയിൽ അങ്ങനെയുള്ള ഉത്തരവ് വ്യത്യാസപ്പെടുത്തുകയോ രൂപഭേദപ്പെടുത്തുകയോ റദ്ദാക്കുകയോ ചെയ്യാവുന്നതാണ്.

(3) ഏതൊരു ഭാര്യയ്ക്ക് അനുകൂലമായാണോ ഈ വകുപ്പിൻ കീഴിൽ ഒരു ഉത്തരവു പുറപ്പെടുവിച്ചിട്ടുള്ളത്, ആ ഭാര്യ പുനർവിവാഹം ചെയ്തിട്ടുണ്ടെന്നോ അല്ലെങ്കിൽ ചാരിത്രവതിയായിട്ടല്ല ജീവിക്കുന്നതെന്നോ ജില്ലാക്കോടതിയ്ക്ക് ബോദ്ധ്യപ്പെടുന്നുവെങ്കിൽ അത് ആ ഉത്തരവു റദ്ദാക്കേണ്ടതാകുന്നു.

38. <u>കുട്ടികളുടെ കസ്ററഡി.</u>—V-ാം അദ്ധ്യായത്തിനോ VI-ാം അദ്ധ്യായത്തിനോ കീഴിലുള്ള ഏതെങ്കിലും നടപടിയിൽ, മൈനർമാരായ കുട്ടികളുടെ കസ്ററഡിയും സംരക്ഷണവും വിദ്യാഭ്യാസവും സംബന്ധിച്ച്, സാദ്ധ്യമായിടത്തെല്ലാം അവരുടെ ആഗ്രഹങ്ങൾക്ക് സംഗതമാകുംവണ്ണം ജില്ലാക്കോടതിക്ക്, അപ്പോഴപ്പോൾ, നീതിപൂർവ്വകവും സമുചിതവുമാണെന്ന് അതിനു തോന്നുന്ന ഇടക്കാല ഉത്തരവുകൾ പാസ്സാക്കുകയും, വ്യവസ്ഥകൾ വിധിയിൽ ഉണ്ടാക്കുകയും ചെയ്യാവുന്നതും, വിധിയ്ക്കുശേഷം, ആ ആവശ്യത്തിലേയ്ക്ക് ഹർജി വഴി കൊടുക്കുന്ന ഏതെങ്കിലും അപേക്ഷയിൻമേൽ വിധി കിട്ടുന്നതിനുള്ള നടപടി നിലവിലുണ്ടായിരുന്നുവെങ്കിൽ അങ്ങനെയുള്ള കുട്ടികളുടെ കസ്ററഡിയും സംരക്ഷണവും വിദ്യാഭ്യാസവും സംബന്ധിച്ച് അങ്ങനെയുള്ള വിധിയാലോ ഇടക്കാലഉത്തരവുകളാലോ ചെയ്തിരിക്കാമായിരുന്ന എല്ലാ ഉത്തരവുകളും വ്യവസ്ഥകളും അപ്പോഴപ്പോൾ ഉണ്ടാക്കുകയോ പിൻവലിക്കുകയോ നിറുത്തിവയ്ക്കുകയോ വ്യത്യാസപ്പെടുത്തുകയോ ചെയ്യാവുന്നതും ആകുന്നു.

39. <u>വിധികളും ഉത്തരവുകളും പ്രാവർത്തികമാക്കലും അവയിൽനിന്നുള്ള അപ്പീലുകളും.</u>—V-ാം അദ്ധ്യായത്തിനോ VI-ാം അദ്ധ്യായത്തിനോ കീഴിലുള്ള ഏതെങ്കിലും നടപടിയിൽ കോടതി ഉണ്ടാക്കുന്ന എല്ലാ വിധികളും ഉത്തരവുകളും കോടതിയുടെ സിവിൽ ആദ്യാധികാരിതപ്രയോഗിച്ച് ഉണ്ടാക്കുന്ന വിധികളും ഉത്തരവുകളും പ്രാവർത്തികമാക്കുന്നതുപോലെയുള്ള രീതിയിൽ പ്രാവർത്തികമാക്കാവുന്നതും തൽസമയം പ്രാബല്യത്തിലിരിക്കുന്ന ഏതെങ്കിലും നിയമത്തിൻകീഴിൽ അവയിൽ നിന്ന് അപ്പീൽ കൊടുക്കാവുന്നതുമാണ്:

എന്നാൽ അങ്ങനെയുള്ള ഏതൊരു അപ്പീലും, വിധിയുടെയോ ഉത്തരവിന്റെയോ തീയതിയുടെ തൊണ്ണൂറു ദിവസകാലത്തിനകം ബോധിപ്പിക്കേണ്ടതാകുന്നു.

40. 1908-ലെ 5-ാം ആക്റ്റ് ബാധകമാകുന്നത്.—ഈ ആക്റ്റിൽ അടങ്ങിയ മററു വ്യവസ്ഥകൾക്കും ഇതിലേക്ക് ഹൈക്കോടതി ഉണ്ടാക്കുന്ന ചട്ടങ്ങൾക്കും വിധേയമായി, ഈ ആക്റ്റിൻ കീഴിലുള്ള എല്ലാ നടപടികളും, കഴിയുന്നിടത്തോളം, സിവിൽ നടപടി നിയമസംഹിത, 1908 (1908-ലെ 5)-നാൽ ക്രമപ്പെടുത്തേണ്ടതാകുന്നു.

41. (1) നടപടിക്രമം, ക്രമപ്പെടുത്തിക്കൊണ്ട് ചട്ടങ്ങൾ ഉണ്ടാക്കാനുള്ള ഹൈക്കോടതിയുടെ അധികാരം.—ഹൈക്കോടതി, ഈ ആക്റ്റിലും സിവിൽ നടപടി നിയമസംഹിത, 1908 (1908-ലെ 5)-ലും അടങ്ങിയ വ്യവസ്ഥകൾക്ക് സംഗതമാകുന്നതും V, VI, VII എന്നീ അദ്ധ്യായങ്ങളിലെ വ്യവസ്ഥകൾ ഫലത്തിൽ കൊണ്ടുവരുന്ന ആവശ്യത്തിലേക്ക് സമീചീനമെന്ന് അതു കരുതുന്നതും ആയ ചട്ടങ്ങൾ ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി ഉണ്ടാക്കേണ്ടതാകുന്നു.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ വ്യവസ്ഥയുടെ സാമാന്യതയ്ക്ക് ഭംഗം വരാതെയും, അങ്ങനെയുള്ള ചട്ടങ്ങൾ.—

(ക) വ്യഭിചാരത്തിന്റെ കാരണത്തിൻമേൽ, വിവാഹമോചനത്തിനുള്ള ഒരു ഹർജിയിൻമേൽ വ്യഭിചാരം നടത്തിയ ആളെ കൂട്ട് എതിർ കക്ഷിയായി ഹർജി കൊടുക്കുന്ന ആൾ കക്ഷിചേർക്കുന്നതും ഹർജികൊടുക്കുന്ന ആളെ അപ്രകാരം ചെയ്യുന്നതിൽ നിന്ന് ഒഴിവാക്കാവുന്ന പരിതഃസ്ഥിതികളും;

(ഖ) അങ്ങനെയുള്ള ഏതെങ്കിലും കൂട്ട് എതിർ കക്ഷി നഷ്ടം കൊടുക്കാൻ അവാർഡ് നല്കുന്നതും;

(ഗ) V-ാം അദ്ധ്യായത്തിനോ VI-ാം അദ്ധ്യായത്തിനോ കീഴിലുള്ള എതെങ്കിലും നടപടിയിൽ മുമ്പേ തന്നെ അതിൽ കക്ഷിയല്ലാതിരുന്ന ഏതെങ്കിലും ആൾ ഇടപെടുന്നതും;

(ഘ) വിവാഹം അകൃതമാക്കുന്നതിനും വിവാഹമോചനത്തിനും ഉള്ള ഹർജികളുടെ ഫാറവും ഉള്ളടക്കവും അങ്ങനെയുള്ള ഹർജികളിലെ കക്ഷികൾക്കുനേരിടുന്ന ചെലവുകൊടുക്കുന്നതും;

(ങ) ഈ ആക്റ്റിൽ വ്യവസ്ഥയോ മതിയായ വ്യവസ്ഥയോ ചെയ്തിട്ടില്ലാത്തതും, ഇൻഡ്യൻ വിവാഹമോചന 1869 ആക്റ്റ്, (1869-ലെ 4)-ൽ വ്യവസ്ഥചെയ്തിട്ടുള്ളതുമായ, മറേറതെങ്കിലും വിഷയവും;

സംബന്ധിച്ച് വ്യവസ്ഥ ചെയ്യേണ്ടതാകുന്നു.

## അദ്ധ്യായം VIII

## പലവക

42. ഒഴിവാക്കൽ.—ഈ ആക്റ്റിൽ അടങ്ങിയ യാതൊന്നും അതിലെ വ്യവസ്ഥകൾക്കു കീഴിൽ ചട്ടങ്ങനുസരിച്ച് നടത്തപ്പെട്ടതല്ലാത്ത ഏതെങ്കിലും വിവാഹത്തിന്റെ സാധുതയെ ബാധിക്കുന്നതല്ല, വിവാഹം കഴിക്കുന്ന ഏതെങ്കിലും സമ്പ്രദായത്തിന്റെ സാധുതയെ ഈ ആക്റ്റ് നേരിട്ടോ നേരിട്ടല്ലാതെയോ ബാധിക്കുന്നതായി കരുതപ്പെടുന്നതുമല്ല.

43. ഈ ആക്റ്റിൻ കീഴിൽ വീണ്ടും വിവാഹം കഴിക്കുന്ന വിവാഹിതനോ വിവാഹിതയ്ക്കോ ഉള്ള ശിക്ഷ.—III-ാം അദ്ധ്യായത്തിൽ മററു പ്രകാരം വ്യവസ്ഥചെയ്ത പ്രകാരമൊഴികെ, വിവാഹിതനോ വിവാഹിതയോ

ആയിരിക്കെ, തന്റെ ഒരു വിവാഹം ഈ ആക്റ്റിൻ കീഴിൽ ചടങ്ങനുസരിച്ച് നടത്തിക്കിട്ടുന്ന ഏതൊരാളും, അതതുസംഗതിപോലെ, ഇൻഡ്യൻ ശിക്ഷാ നിയമസംഹിത (1860-ലെ 45) യിലെ 494-ാം വകുപ്പിനോ 495-ാം വകുപ്പിനോ കീഴിലുള്ള കുറ്റം ചെയ്തിട്ടുള്ളതായി കരുതപ്പെടുന്നതും അപ്രകാരം ചടങ്ങനുസരിച്ച് നടത്തപ്പെട്ട വിവാഹം ശൂന്യമാകുന്നതും ആണ്.

44. ദ്വിഭർത്തൃത്വത്തിനോ ദ്വിഭാര്യാത്വത്തിനോ ഉള്ള ശിക്ഷ.—ആരുടെ വിവാഹമാണോ ഈ ആക്റ്റിൻ കീഴിൽ ചടങ്ങനുസരിച്ച് നടത്തപ്പെട്ടിട്ടുള്ളത്, അങ്ങനെയുള്ള ആളും, തന്റെ ഭാര്യയുടേയോ ഭർത്താവിന്റെയോ ജീവിത കാലത്ത് മറ്റേതെങ്കിലും വിവാഹം കഴിക്കുന്ന ആളുമായ ഏതൊരാളും, ഭർത്താവിന്റെയോ ഭാര്യയുടേയോ ജീവിതകാലത്ത് വീണ്ടും വിവാഹം കഴിക്കുന്ന കുറ്റത്തിന് ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45) യിലെ 494-ാം വകുപ്പിലും 495-ാം വകുപ്പിലും വ്യവസ്ഥ ചെയ്തിട്ടുള്ള ദണ്ഡനങ്ങൾക്ക് വിധേയനോ വിധേയയോ ആകുന്നതും അപ്രകാരം കഴിച്ചിട്ടുള്ള വിവാഹം ശൂന്യമാകുന്നതും ആണ്.

45. വ്യാജമായ പ്രഖ്യാപനമോ സർട്ടിഫിക്കറ്റോ ഒപ്പിടുന്നതിനുള്ള ദണ്ഡനം.—വ്യാജമായിട്ടുള്ളതും വ്യാജമാണെന്ന് താൻ അറിയുകയോ വിശ്വസിക്കുകയോ ചെയ്യുന്നതോ അല്ലെങ്കിൽ സത്യമാണെന്ന് താൻ വിശ്വസിക്കാത്തതോ ആയതുമായ ഒരു പ്രസ്താവന അടങ്ങുന്ന, ഈ ആക്റ്റ് പ്രകാരമോ ഈ ആക്റ്റിൻ കീഴിലോ വേണ്ടതായ ഏതെങ്കിലും പ്രഖ്യാപനമോ സർട്ടിഫിക്കറ്റോ ഉണ്ടാക്കുകയോ ഒപ്പിടുകയോ സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്ന ഏതൊരാളും, ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45) 199-ാം വകുപ്പിൽ വിവരിച്ചിട്ടുള്ള കുറ്റത്തിന് അപരാധിയാകുന്നതാണ്.

46. വിവാഹ ഉദ്യോഗസ്ഥന്റെ അന്യായമായ പ്രവൃത്തിയ്ക്കുള്ള ദണ്ഡനം.—ഈ ആക്റ്റിൻ കീഴിൽ ഒരു വിവാഹം—

(1) അങ്ങനെയുള്ള വിവാഹം സംബന്ധിച്ച് 5-ാം വകുപ്പ് ആവശ്യപ്പെടുന്നപ്രകാരം നോട്ടീസ് പ്രസിദ്ധപ്പെടുത്താതെയോ; അല്ലെങ്കിൽ

(2) അങ്ങനെയുള്ള വിവാഹത്തിന്റെ നോട്ടീസ് പ്രസിദ്ധപ്പെടുത്തിയതിന്റെ മുപ്പതു ദിവസങ്ങൾക്കുള്ളിലോ; അല്ലെങ്കിൽ

(3) ഈ ആക്റ്റിൽ അടങ്ങിയ മറ്റ് ഏതെങ്കിലും വ്യവസ്ഥകൾ ഉല്ലംഘിച്ചുകൊണ്ടോ;

അറിഞ്ഞുകൊണ്ടും മന:പൂർവ്വമായും ചടങ്ങനുസരിച്ച് നടത്തി കൊടുക്കുന്ന ഏതെങ്കിലും വിവാഹ ഉദ്യോഗസ്ഥൻ, ഒരു വർഷത്തോളം ആകാവുന്ന വെറും തടവു ശിക്ഷയോ അഞ്ഞൂറുരൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

47. വിവാഹസർട്ടിഫിക്കറ്റ് ബുക്ക് പരിശോധയ്ക്ക് പ്രാപ്യമാക്കേണ്ടതാണെന്ന്:—(1) ഈ ആക്റ്റിൻ കീഴിൽ വച്ചു പോരുന്ന വിവാഹ സർട്ടിഫിക്കറ്റ് ബുക്ക് ന്യായമായ എല്ലാ സമയങ്ങളിലും പരിശോധനയ്ക്ക് പ്രാപ്യമാക്കേണ്ടതും, അത് അതിലടങ്ങിയ പ്രസ്താവനകളുടെ തെളിവായി തെളിവിൽ സ്വീകാര്യമായിരിക്കുന്നതുമാണ്.

(2) വിവാഹ സർട്ടിഫിക്കറ്റ് ബുക്കിൽ നിന്നുള്ള സർട്ടിഫൈ ചെയ്ത എക്സ്ട്രാക്റ്റുകൾ വിവാഹ ഉദ്യോഗസ്ഥൻ അപേക്ഷകന്, അപേക്ഷയിൻ മേൽ നിർണ്ണയിക്കപ്പെട്ട ഫീസ് കൊടുക്കുന്നതായാൽ, നല്കേണ്ടതാണ്.

48. വിവാഹ റിക്കാർഡുകളിലെ ഉൾക്കുറിപ്പുകളുടെ പകർപ്പുകൾ അയച്ചു കൊടുക്കൽ.—ഒരു സ്റ്റേറ്റിലെ ഏതൊരു വിവാഹ ഉദ്യോഗസ്ഥനും ആ സ്റ്റേറ്റിലെ ജനന-മരണ-വിവാഹങ്ങളുടെ രജിസ്ട്രാർ ജനറലിന്, നിർണ്ണയിക്കപ്പെടുന്ന വിധം ഇടവിട്ടും നിർണ്ണയിക്കപ്പെടുന്ന ഫാറത്തിലും, അങ്ങനെയുള്ള ഇടവേളകളിൽ ഏററവും ഒടുവിലത്തെ ഇടവേളയ്ക്കു ശേഷം വിവാഹ സർട്ടിഫിക്കററ് ബുക്കിൽ താൻ ചേർത്തിട്ടുള്ള എല്ലാ ഉൾക്കുറിപ്പുകളുടേയും ശരിപ്പകർപ്പ് അയച്ചു കൊടുക്കേണ്ടതും, ഈ ആക്ററ് വ്യാപിക്കുന്ന രാജ്യക്ഷേത്രങ്ങൾക്ക് വെളിയിലുള്ള വിവാഹ ഉദ്യോഗസ്ഥൻമാരുടെ സംഗതിയിൽ, ശരിപ്പകർപ്പ് കേന്ദ്ര ഗവൺമെൻറ് ഇതിലേയ്ക്ക് വിനിർദ്ദേശിക്കുന്ന അധികാര സ്ഥാനത്തേയ്ക്ക് അയച്ചു കൊടുക്കേണ്ടതും ആകുന്നു.

49. തെററുകൾ തിരുത്തൽ.—(1) വിവാഹ സർട്ടിഫിക്കററ് ബുക്കിലെ ഏതെങ്കിലും ഉൾക്കുറിപ്പിൻെറ രൂപത്തിലോ സംരാംശത്തിലോ ഏതെങ്കിലും തെററ് കണ്ടുപിടിക്കുന്ന ഏതെങ്കിലും വിവാഹ ആഫീസർക്ക് അങ്ങനെയുള്ള തെററ് കണ്ടുപിടിച്ചതിനു ശേഷം അടുത്ത ഒരു മാസത്തിനുള്ളിൽ, വിവാഹം കഴിച്ച ആളുകളുടെ സാന്നിദ്ധ്യത്തിലോ, അല്ലെങ്കിൽ അവർ മരിച്ചുപോവുകയോ അസന്നിഹിതരാവുകയോ ചെയ്യുന്ന സംഗതിയിൽ, വിശ്വാസ്യരായ മററു രണ്ടു സാക്ഷികളുടെ സാന്നിദ്ധ്യത്തിലോ, ആദ്യത്തെ ഉൾക്കുറിപ്പിന് യാതൊരു വ്യതാസവും വരുത്താതെ, മാർജിനിൽ ഉൾക്കുറിപ്പു ചേർത്ത് ആ തെററ് തിരുത്താവുന്നതും അദ്ദേഹം മാർജിൻ ഉൾക്കുറുപ്പിൽ ഒപ്പിടുകയും തിരുത്തൽ തീയതി അതോടു ചേർക്കുകയും ചെയ്യേണ്ടതും അതേപോലെയുള്ള മാർജിൻ ഉൾക്കുറിപ്പ് വിവാഹ സർട്ടിഫിക്കററിൽ ചേർക്കേണ്ടതും ആകുന്നു.

(2) ഈ വകുപ്പിൻ കീഴിൽ ചെയ്ത ഏതൊരു തിരുത്തലും ഏതു സാക്ഷികളുടെ സാന്നിദ്ധ്യത്തിലാണോ അതു ചെയ്തത്, ആ സാക്ഷികൾ സാക്ഷ്യപ്പെടുത്തേണ്ടതാകുന്നു.

(3) ഏതെങ്കിലും ഉൾക്കുറിപ്പിൻെറ പകർപ്പ് 48-ാം വകുപ്പിൻ കീഴിൽ രജിസ്ട്രാർ ജനറൽക്കോ മററ് അധികാരസ്ഥാനത്തിനോ അയച്ചുകഴിഞ്ഞിട്ടുള്ളിടത്ത് വിവാഹ ഉദ്യോഗസ്ഥൻ അതേ രീതിയിൽ ആദ്യത്തെ തെററായ ഉൾക്കുറിപ്പിൻേറയും അതിൽ ചെയ്തിട്ടുള്ള മാർജിൻ തിരുത്തലുകളുടേയും വേറെ ഒരു സർട്ടിഫിക്കററ് ഉണ്ടാക്കി അയച്ചു കൊടുക്കേണ്ടതാകുന്നു.

50. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം.—(1) കേന്ദ്രഗവൺമെൻറിലെ ഉദ്യോഗസ്ഥൻമാരുടെ സംഗതിയിൽ, കേന്ദ്രഗവൺമെൻറിനും, മററെല്ലാ സംഗതികളിലും സ്റ്റേററ് ഗവൺമെൻറിനും ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, ഈ ആക്ററിൻെറ ആവശ്യങ്ങൾ നിറവേററുന്നതിനുവേണ്ടി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മേല്പറഞ്ഞ അധികാരത്തിൻെറ സാമാന്യതയ്ക്ക് ഭംഗം വരാത്ത വിധത്തിലും അങ്ങനെയുള്ള ചട്ടങ്ങൾക്ക് താഴെ പറയുന്ന എല്ലാ കാര്യങ്ങൾക്കും അല്ലെങ്കിൽ അവയിൽ ഏതെങ്കിലും കാര്യത്തിന് വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(ക) വിവാഹ ഉദ്യോഗസ്ഥൻമാരുടെ കർത്തവ്യങ്ങളും അധികാരങ്ങളും അവർക്ക് അധികാരിത പ്രയോഗിക്കാവുന്ന പ്രദേശങ്ങളും ;

(ഖ) വിവാഹ ഉദ്യോഗസ്ഥന് ഈ ആക്ററിൻ കീഴിൽ അന്വേഷണ വിചാരണ നടത്താവുന്നരീതിയും അതിനുള്ള നടപടി ക്രമവും;

(ഗ) ഈ ആക്ററു പ്രകാരമോ ആക്ററിൻ കീഴിലോ വേണ്ട ഏതെങ്കിലും ബുക്ക് വച്ച് പോരേണ്ട ഫാറവും രീതിയും ;

(ഘ) ഈ ആക്ററിൻ കീഴിൽ ഒരു വിവാഹ ഉദ്യോഗസ്ഥൻെറ മേൽ ചുമത്തിയ ഏതെങ്കിലും കർത്തവ്യത്തിൻെറ നിർവ്വഹണത്തിന് ലെവി ചെയ്യാവുന്ന ഫീസ് ;

(ങ) 16-ാം വകുപ്പിൻ കീഴിൽ പബ്ലിക് നോട്ടീസ് നല്കേണ്ട രീതി;

(ച) 48-ാം വകുപ്പിന് അനുസൃതമായി വിവാഹ സർട്ടിഫിക്കററ് ബുക്കിലെ ഉൾക്കുറിപ്പുകളുടെ പകർപ്പുകൾ ഏതു ഫാറത്തിലും എത്ര ഇടവിട്ടുമാണ് അയക്കേണ്ടതെന്ന്;

(ഛ) നിർണ്ണയിക്കപ്പെടാവുന്നതോ നിർണ്ണയിക്കേണ്ടത് ആവശ്യമായിട്ടുള്ളതോ ആയ മറേറതെങ്കിലും വിഷയം .

51. റദ്ദാക്കലും ഒഴിവാക്കലും.—(1) പ്രത്യേക വിവാഹ ആക്ററ്, 1872 (1872-ലെ 3)-ം പ്രത്യേക വിവാഹ ആക്ററ് 1872-ന് തൽസ്ഥാനീയമായതും ഈ ആക്ററിൻെറ പ്രാരംഭത്തിന് തൊട്ടു മുമ്പ് ഏതെങ്കിലും ഖ ഭാഗം സ്റേററിൽ പ്രാബല്യത്തിലിരുന്നതും ആയ ഏതു നിയമവും ഇതിനാൽ റദ്ദാക്കപ്പെട്ടിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും.—

(ക) പ്രത്യേക വിവാഹ ആക്ററ്, 1872 (1872-ലെ 3)നോ അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും തൽസ്ഥാനീയനിയമത്തിനോ കീഴിൽ ചടങ്ങനുസരിച്ചുനടന്ന എല്ലാ വിവാഹങ്ങളും ഈ ആക്ററിൻ കീഴിൽ ചടങ്ങനുസരിച്ച് നടത്തപ്പെട്ടതായി കരുതപ്പെടുന്നതാകുന്നു.

(ഖ) ഈ ആക്ററ് പ്രവർത്തനത്തിൽ വരുമ്പോൾ, വൈവാഹികമായ കാര്യങ്ങളിലോ വിഷയങ്ങളിലോ ഏതെങ്കിലും കോടതിയിൽ നിലവിലിരിക്കുന്ന എല്ലാ വ്യവഹാരങ്ങളും നടപടികളും, ആ കോടതി, കഴിയുന്നിടത്തോളം അവ ആദ്യമെ ആ കോടതിയിൽ ആരംഭിച്ചിരുന്നത് ഈ ആക്ററിൻ കീഴിൽ ആയിരുന്നാലെന്നപോലെ കൈകാര്യം ചെയ്യുന്നതും തീരുമാനിക്കുന്നതും ആകുന്നു.

(3) (2)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ജനറൽ ക്ലാസസ് ആക്ററ്, 1897-ലെ 6-ാം വകുപ്പിൽ അടങ്ങിയ വ്യവസ്ഥകൾക്ക് ഭംഗം വരാത്തവിധത്തിൽ ആയിരിക്കുന്നതും, മേല്പറഞ്ഞ 6-ാം വകുപ്പിലെ വ്യവസ്ഥകൾ, തൽസ്ഥാനീയ നിയമത്തിൻെറ റദ്ദാക്കലിനുകൂടി, ആ തൽസ്ഥാനീയ നിയമം ഒരു അധിനിയമം ആയിരുന്നാലെന്നപോലെ ബാധകമാകുന്നതും ആകുന്നു.

## 1-ാം പട്ടിക

[ 2 (ഖ) വകുപ്പ് "നിരോധിത ബന്ധത്തിൻെറ ഡിഗ്രികൾ" നോക്കുക. ]

### ഭാഗം 1

1. മാതാവ്
2. പിതാവിൻെറ വിധവ (രണ്ടാനമ്മ)
3. മാതാവിൻെറ മാതാവ്
4. മാതാവിൻെറ പിതാവിൻെറ വിധവ (മാതാവിൻെറ രണ്ടാനമ്മ)
5. മാതാവിൻെറ മാതാവിൻെറ മാതാവ്
6. മാതാവിൻെറ മാതാവിൻെറ പിതാവിൻെറ വിധവ (മാതാമഹിയുടെ രണ്ടാനമ്മ)
7. മാതാവിൻെറ പിതാവിൻെറ മാതാവ്
8. മാതാവിൻെറ പിതാവിൻെറ പിതാവിൻെറ വിധവ (മാതാമഹൻെറ രണ്ടാനമ്മ)

9. പിതാവിന്റെ മാതാവ്
10. പിതാവിന്റെ പിതാവിന്റെ വിധവ (പിതാവിന്റെ രണ്ടാനമ്മ)
11. പിതാവിന്റെ മാതാവിന്റെ മാതാവ്
12. പിതാവിന്റെ മാതാവിന്റെ പിതാവിന്റെ വിധവ (പിതാമഹിയുടെ രണ്ടാനമ്മ)
13. പിതാവിന്റെ പിതാവിന്റെ മാതാവ്
14. പിതാവിന്റെ പിതാവിന്റെ പിതാവിന്റെ വിധവ (പിതാമഹന്റെ രണ്ടാനമ്മ)
15. പുത്രി
16. പുത്രന്റെ വിധവ
17. പുത്രിയുടെ പുത്രി
18. പുത്രിയുടെ പുത്രന്റെ വിധവ
19. പുത്രന്റെ പുത്രി
20. പുത്രന്റെ പുത്രന്റെ വിധവ
21. പുത്രിയുടെ പുത്രിയുടെ പുത്രി
22. പുത്രിയുടെ പുത്രിയുടെ പുത്രന്റെ വിധവ
23. പുത്രിയുടെ പുത്രന്റെ പുത്രി
24. പുത്രിയുടെ പുത്രന്റെ പുത്രന്റെ വിധവ
25. പുത്രന്റെ പുത്രിയുടെ പുത്രൻ
26. പുത്രന്റെ പുത്രിയുടെ പുത്രന്റെ വിധവ
27. പുത്രന്റെ പുത്രന്റെ പുത്രി
28. പുത്രന്റെ പുത്രന്റെ പുത്രന്റെ വിധവ
29. സഹോദരി
30. സഹോദരിയുടെ പുത്രി
31. സഹോദരന്റെ പുത്രി
32. മാതാവിന്റെ സഹോദരി
33. പിതാവിന്റെ സഹോദരി
34. പിതാവിന്റെ സഹോദരന്റെ പുത്രി
35. പിതാവിന്റെ സഹോദരിയുടെ പുത്രി
36. മാതാവിന്റെ സഹോദരിയുടെ പുത്രി
37. മാതാവിന്റെ സഹോദരന്റെ പുത്രി

വിശദീകരണം.—ഈ ഭാഗത്തിന്റെ ആവശ്യങ്ങൾക്ക് ''വിധവ'' എന്ന പദത്തിൽ വിവാഹമോചനം നേടിയ ഭാര്യ ഉൾപ്പെടുന്നു.

ഭാഗം II

1. പിതാവ്
2. മാതാവിന്റെ ഭർത്താവ് (രണ്ടാനച്ഛൻ)
3. പിതാവിന്റെ പിതാവ്
4. പിതാവിന്റെ മാതാവിന്റെ ഭർത്താവ് (പിതാവിന്റെ രണ്ടാനച്ഛൻ)
5. പിതാവിന്റെ പിതാവിന്റെ പിതാവ്
6. പിതാവിന്റെ പിതാവിന്റെ മാതാവിന്റെ ഭർത്താവ് (പിതാമഹന്റെ രണ്ടാനച്ഛൻ)
7. പിതാവിന്റെ മാതാവിന്റെ പിതാവ്
8. പിതാവിന്റെ മാതാവിന്റെ മാതാവിന്റെ ഭർത്താവ് (പിതാമഹിയുടെ രണ്ടാനച്ഛൻ)
9. മാതാവിന്റെ പിതാവ്

10. മാതാവിൻെറ മാതാവിൻെറ ഭർത്താവ് (മാതാവിൻെറ രണ്ടാനച്ഛൻ)
11. മാതാവിൻെറ പിതാവിൻെറ പിതാവ്
12. മാതാവിൻെറ പിതാവിൻെറ മാതാവിൻെറ ഭർത്താവ് (മാതാമഹൻെ രണ്ടാനച്ഛൻ)
13. മാതാവിൻെറ മാതാവിൻെറ പിതാവ്
14. മാതാവിൻെറ മാതാവിൻെറ മാതാവിൻെറ ഭർത്താവ് (മാതാമഹിയുടെ രണ്ടാനച്ഛൻ)
15. പുത്രൻ
16. പുത്രിയുടെ ഭർത്താവ്
17. പുത്രൻെറ പുത്രൻ
18. പുത്രൻെറ പുത്രിയുടെ ഭർത്താവ്
19. പുത്രിയുടെ പുത്രൻ
20. പുത്രിയുടെ പുത്രിയുടെ ഭർത്താവ്
21. പുത്രൻെറ പുത്രൻെറ പുത്രൻ
22. പുത്രൻെറ പുത്രൻെറ പുത്രിയുടെ ഭർത്താവ്
23. പുത്രൻെറ പുത്രിയുടെ പുത്രൻ
24. പുത്രൻെറ പുത്രിയുടെ പുത്രിയുടെ ഭർത്താവ്
25. പുത്രിയുടെ പുത്രൻെറ പുത്രൻ
26. പുത്രിയുടെ പുത്രൻെറ പുത്രിയുടെ ഭർത്താവ്
27. പുത്രിയുടെ പുത്രിയുടെ പുത്രൻ
28. പുത്രിയുടെ പുത്രിയുടെ പുത്രിയുടെ ഭർത്താവ്
29. സഹോദരൻ
30. സഹോദരൻെറ പുത്രൻ
31. സഹോദരിയുടെ പുത്രൻ
32. മാതാവിൻെറ സഹോദരൻ
33. പിതാവിൻെറ സഹോദരൻ
34. പിതാവിൻെറ സഹോദരൻെറ പുത്രൻ
35. പിതാവിൻെറ സഹോദരിയുടെ പുത്രൻ
36. മാതാവിൻെറ സഹോദരിയുടെ പുത്രൻ
37. മാതാവിൻെറ സഹോദരൻെറ പുത്രൻ

**വിശദീകരണം.**—ഈ ഭാഗത്തിൻെറ ആവശ്യങ്ങൾക്ക് 'ഭർത്താവ്' എന്ന പദത്തിൽ വിവാഹമോചനം നേടിയ "ഭർത്താവും" ഉൾപ്പെടുന്നു.

## രണ്ടാം പട്ടിക

(5-ാം വകുപ്പ് നോക്കുക)

### ഉദ്ദിഷ്ട വിവാഹത്തിന്റെ നോട്ടീസ്

..........................ജില്ലയിലെ വിവാഹ ഉദ്യോഗസ്ഥനും
ഇതിന്റെ തീയതി മുതൽ മൂന്നു കലണ്ടർ മാസങ്ങൾക്കകം ഞങ്ങൾ തമ്മിൽ പ്രത്യേക വിവാഹ ആക്റ്റ്, 1954-ന് കീഴിലുള്ള ഒരു വിവാഹം ചടങ്ങനുസരിച്ചു നടത്തുവാൻ ഉദ്ദേശിച്ചിരിക്കുന്നു എന്നു ഞങ്ങൾ ഇതിനാൽ നിങ്ങൾക്ക് നോട്ടീസ് തരുന്നു.

| പേര് | അവസ്ഥ | തൊഴിൽ | വയസ് | വാസസ്ഥലം | അപ്പോഴത്തെ വാസസ്ഥലം സ്ഥിരമായിട്ടുള്ളതല്ലെങ്കിൽ, സ്ഥിരവാസമായിട്ടുള്ള വാസസ്ഥലം | താമസത്തിന്റെ ദൈർഘ്യം |
|---|---|---|---|---|---|---|
| ക.ഖ. | അവിവാഹിതൻ / മൃതഭാര്യൻ / വിവാഹമോചനം നേടിയവൻ | | | | | |
| ഗ.ഘ. | അവിവാഹിത / വിധവ / വിവാഹ മോചനം നേടിയവൾ | | | | | |

.................. ...............തീയതി ഞങ്ങൾ ഒപ്പിട്ടിരിക്കുന്നു.

(ഒപ്പ്) ക.ഖ.
(ഒപ്പ്) ഗ.ഘ.

## മൂന്നാം പട്ടിക

(11-ാം വകുപ്പ് നോക്കുക)

### വരൻ ചെയ്യേണ്ട പ്രഖ്യാപനം

ക.ഖ. ആയ ഞാൻ ഇതിനാൽ താഴെപ്പറയും പ്രകാരം പ്രഖ്യാപിക്കുന്നു.—

1. ഞാൻ ഈ സമയത്ത് അവിവാഹിതൻ (അല്ലെങ്കിൽ അതതു സംഗതി പോലെ മൃതഭാര്യൻ അല്ലെങ്കിൽ വിവാഹമോചനം നേടിയവൻ) ആകുന്നു.

2. എനിക്ക്....................വയസ് പൂർത്തിയായിട്ടുണ്ട്.

3. എനിക്ക് ഗ. ഘ. (വധു)വുമായി നിരോധിത ബന്ധത്തിന്റെ ഡിഗ്രികൾക്കുള്ളിൽ ബന്ധമില്ല.

4. ഈ പ്രഖ്യാപനത്തിലെ ഏതെങ്കിലും പ്രസ്താവന വ്യാജമായിരിക്കു കയും, അങ്ങനെയുള്ള പ്രസ്താവന ചെയ്യുന്നതിൽ ഞാൻ ഒന്നുകിൽ അത് വ്യാജമാണെന്ന് അറിയുകയോ വിശ്വസിക്കുകയോ അല്ലെങ്കിൽ അത് സത്യമാണെന്ന് വിശ്വസിക്കാതിരിക്കുകയോ ചെയ്യുകയും ചെയ്യുന്നുവെങ്കിൽ ഞാൻ തടവുശിക്ഷയ്ക്കും പിഴ ശിക്ഷയ്ക്കും കൂടിയും അർഹനാകുമെന്ന് എനിക്ക് ബോധമുണ്ട്.

(ഒപ്പ്)
ക, ഖ, വരൻ.

## വധു ചെയ്യേണ്ട പ്രഖ്യാപനം

ഗ, ഘ, ആയ ഞാൻ താഴെപറയും പ്രകാരം പ്രഖ്യാപിക്കുന്നു.

1. ഞാൻ ഈ സമയത്ത് അവിവാഹിത (അല്ലെങ്കിൽ അതതു സംഗതി പോലെ, വിധവ അല്ലെങ്കിൽ വിവാഹമോചനം നേടിയവൾ) ആകുന്നു.

2. എനിക്ക്..................വയസ്സ് പൂർത്തിയായിട്ടുണ്ട്.

3. എനിക്ക് ക. ഖ. (വരൻ) യുമായി നിരോധിതബന്ധത്തിന്റെ ഡിഗ്രികൾക്കുള്ളിൽ ബന്ധമില്ല.

4. ഈ പ്രഖ്യാപനത്തിലെ ഏതെങ്കിലും പ്രസ്താവന വ്യാജമായിരിക്കുകയും, അങ്ങനെയുള്ള പ്രസ്താവന ചെയ്യുന്നതിൽ ഞാൻ ഒന്നുകിൽ അത് വ്യാജമാണെന്ന് അറിയുകയോ വിശ്വസിക്കുകയോ അല്ലെങ്കിൽ അത് സത്യമാണെന്ന് വിശ്വസിക്കാതിരിക്കുകയോ ചെയ്യുകയും ചെയ്യുന്നുവെങ്കിൽ ഞാൻ തടവു ശിക്ഷയ്ക്കും പിഴശിക്ഷയക്കും കൂടിയും അർഹയാകുമെന്നും എനിക്ക് ബോധമുണ്ട്.

(ഒപ്പ്) ഗ. ഘ. (വധു)

മേൽപറഞ്ഞ ക. ഖ. യും ഗ. ഘ. യും ഞങ്ങളുടെ സാന്നിദ്ധ്യത്തിൽ ഒപ്പിട്ടിരിക്കുന്നു. ഞങ്ങളുടെ ബോധത്തിൽ പെട്ടിടത്തോളം ഈ വിവാഹത്തിന് നിയമപരമായ പ്രതിബന്ധമില്ല.

(ഒപ്പ്) ജ. ഝ.
(ഒപ്പ്) ട. ഠ. മൂന്നു സാക്ഷികൾ
(ഒപ്പ്) ഡ. ഢ.

മേലൊപ്പിട്ടു ച. ഛ.
വിവാഹ ഉദ്യോഗസ്ഥൻ

19..................ാം തീയതി

## നാലാം പട്ടിക

(13-ാം വകുപ്പ് നോക്കുക)

### വിവാഹ സർട്ടിഫിക്കററ്

ച. ഛ. ആയ ഞാൻ, 19 ...............ാം ദിവസം ക. ഖ. യും ഗ. ഘ. യും എന്റെ * മുമ്പാകെ ഹാജരായി എന്നും അവരിൽ ഓരോ ആളും എന്റെ സാന്നിദ്ധ്യത്തിലും ഇതിൻ കീഴിൽ ഒപ്പിട്ടിട്ടുള്ള മൂന്നു സാക്ഷികളുടെ സാന്നിദ്ധ്യത്തിലും 11-ാം വകുപ്പ് ആവശ്യപ്പെടുന്ന പ്രഖ്യാപനങ്ങൾ ചെയ്തു വെന്നും എന്റെ സാന്നിദ്ധ്യത്തിൽ അവർ തമ്മിൽ ഈ ആക്ററിൻ കീഴിൽ ഒരു വിവാഹം ആഘോഷിക്കപ്പെട്ടുവെന്നും ഇതിനാൽ സർട്ടിഫൈ ചെയ്യുന്നു.

(ഒപ്പ്) ച. ഛ.

........................ ലെ വിവാഹ ഉദ്യോഗസ്ഥൻ

(ഒപ്പ്) ക. ഖ.
വരൻ

(ഒപ്പ്) ഗ. ഘ.
വധു

(ഒപ്പ്) ജ. ഝ.
(ഒപ്പ്) ട. ഠ. മൂന്നു സാക്ഷികൾ
(ഒപ്പ്) ഡ. ഢ.

19......................ാം തീയതി

---

* ഇവിടെ കക്ഷികളുടെ വിവരങ്ങൾ കൊടുക്കുക.

## അഞ്ചാം പട്ടിക

(16-ാം വകുപ്പ് നോക്കുക)

മറെറതെങ്കിലും രൂപത്തിൽ ആഘോഷിക്കപ്പെട്ടിട്ടുള്ള വിവാഹത്തിന്റെ സർട്ടിഫിക്കററ്

ച. ഛ. ആയ ഞാൻ, 19.......... ാം ദിവസം ക. ഖ. യും ഗ. ഘ. യും * എന്റെ മുമ്പാകെ ഹാജരായി എന്നും അവരിൽ ഓരോ ആളും എന്റെ സാന്നിദ്ധ്യത്തിലും ഇതിൻകീഴിൽ ഒപ്പിട്ടിട്ടുള്ള മൂന്നു സാക്ഷികളുടെ സാന്നിദ്ധ്യത്തിലും അവർ തമ്മിൽ ഒരു വിവാഹകർമ്മം നിർവ്വഹിച്ചിട്ടുണ്ടെന്നും അവരുടെ വിവാഹത്തിനുശേഷം അവർ ഭാര്യാഭർത്താക്കൻമാരായി ഒരുമിച്ച് ജീവിച്ചുവരികയായിരുന്നുവെന്നും പ്രഖ്യാപനം ചെയ്തിട്ടുണ്ടെന്നും അവരുടെ വിവാഹം ഈ ആക്ററിൻ കീഴിൽ രജിസ്ററർ ചെയ്യണമെന്നുള്ള അവരുടെ ആഗ്രഹം അനുസരിച്ച് ആ വിവാഹം .................. മുതൽ പ്രഭാവം ഉണ്ടാകത്തക്കവണ്ണം ഈ ആക്ററിൻ കീഴിൽ 19 ..............ാം തീയതി രജിസ്ററർ ചെയ്തിരിക്കുന്നുവെന്നും ഇതിനാൽ സർട്ടിഫൈ ചെയ്യുന്നു.

(ഒപ്പ്) ഛ.

........................ ലെ വിവാഹ ആഫീസർ

(ഒപ്പ്) ക. ഖ.
ഭർത്താവ്

(ഒപ്പ്) ഗ. ഘ.
ഭാര്യ

(ഒപ്പ്) ജ. ഝ.
(ഒപ്പ്) ട. ഠ. മൂന്നു സാക്ഷികൾ
(ഒപ്പ്) ഡ. ഢ.

19........................ ...........ാം തീയതി.

---

* ഇവിടെ കക്ഷികളുടെ വിവരങ്ങൾ കൊടുക്കുക.